©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനാലാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപത്തിയൊന്നാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-2008) യുടെ പതിനാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട് ]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-2021)

## അറുപത്തിയൊന്നാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 13-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[സമിതി (2006-2008) യുടെ പതിനാലാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട് ]**

222/2021.

# ഉള്ളടക്കം

| | | |
|---|---|---|
| | | *പേജ്* |
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | .. | 35 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

## (2019-2021)

### ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. സുരേഷ് കുറുപ്പ്.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. ടി. എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ. എസ്. ബിജിമോൾ

ശ്രീ. വി. കെ. സി. മമ്മത് കോയ

ഡോ. എം. കെ. മുനീർ

ശ്രീ. പി. ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

ശ്രീ. കെ. വി. വിജയദാസ്

*ശ്രീ. എൻ. വിജയൻ പിള്ള.

<u>നിയമസഭാ സെക്രട്ടേറിയറ്റ് :</u>

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ് കെ. ജി., ജോയിന്റ് സെക്രട്ടറി

ശ്രീമതി എ. വി. ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ ജി., അണ്ടർ സെക്രട്ടറി.

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി.

* 2020 മാർച്ച് മാസം 8-ാം തീയതി നിര്യാതനായി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 61-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ പതിനാലാമത് റിപ്പോർട്ടിലെ (വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2020 ഒക്ടോബർ മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശ ഖണ്ഡികകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 13.

# റിപ്പോർട്ട്

## അദ്ധ്യായം I

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ 14-ാമത് റിപ്പോർട്ടിലെ (വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ 14-ാമത് റിപ്പോർട്ട് 2007 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ 33 ശിപാർശകളാണുള്ളത്. എല്ലാ ശിപാർശകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്.

1.3 റിപ്പോർട്ടിലെ ശിപാർശകളിൽ സ്വീകരിച്ച നടപടി സംബന്ധിച്ച സർക്കാർ മറുപടികൾ സമിതി(2006-2008)യുടെ 7-5-2008 തീയതിയിലെ യോഗത്തിലും സമിതി(2014-2016)യുടെ 20-5-2015 തീയതിയിലെ യോഗത്തിലും സമിതി (2016-2019)യുടെ 12-10-2017, 17-10-2018 എന്നീ തീയതികളിലെ യോഗങ്ങളിലും സമിതി (2019-2021)യുടെ 18-9-2019 തീയതിയിലെ യോഗത്തിലും പരിഗണിക്കുകയുണ്ടായി.

1.4 റിപ്പോർട്ടിലെ 41, 65, 66 എന്നീ ഖണ്ഡികകളിലെ ശിപാർശകളിന്മേൽ ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ അത് സംബന്ധിച്ച് അധികവിവരം ആരായുകയും ഖണ്ഡിക 22 സംബന്ധിച്ച് തുടർനിർദ്ദേശവും സമിതി നൽകിയിരുന്നു. എന്നാൽ സമിതി ആരാഞ്ഞ അധികവിവരം സംബന്ധിച്ച മറുപടി നാളിതുവരെ ലഭ്യമാക്കിയിട്ടില്ല.

1.5 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ ലഭിച്ച മറുപടി, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനക്കുറിപ്പ്, തുടർ ശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.6 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെയും സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ സൂക്ഷ്മപരിശോധനാക്കുറിപ്പിന്റെയും അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും ആയതിന്മേൽ ലഭിച്ച മറുപടികളും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

## സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും ശിപാർശകളിന്മേലുള്ള മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും തുടർശിപാർശകളും

### ഖണ്ഡിക നമ്പർ 22

### ശിപാർശ

2.1.1 പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥരായി നിയമിക്കപ്പെടുന്ന കൃഷിവകുപ്പ് ഉദ്യോഗസ്ഥർ പദ്ധതി നിർവ്വഹണത്തിന് ശേഷം ഫയലുകളും ബന്ധപ്പെട്ട രേഖകളും

പഞ്ചായത്തുകൾക്ക് നൽകാതിരിക്കുക, ഓഡിറ്റ് പരാമർശമുണ്ടായാൽ കൃത്യസമയത്ത് മറുപടി നൽകാതിരിക്കുക, പഞ്ചായത്തുമായി സഹകരിക്കാതിരിക്കുക എന്നിങ്ങനെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുന്നതായി സമിതി മനസ്സിലാക്കുന്നു. പദ്ധതി നിർവ്വഹണോദ്യോഗസ്ഥരായിരുന്ന കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സ്ഥലംമാറി പോകുമ്പോൾ എവിടേക്കാണ് അവർ മാറ്റപ്പെട്ടത് എന്ന വിവരം പോലും പഞ്ചായത്ത് അധികൃതർ അറിയാറില്ലായെന്നും സമിതി അനുമാനിക്കുന്നു. ആയതിനാൽ പദ്ധതി നിർവ്വഹണോദ്യോഗസ്ഥരായി നിയമിക്കപ്പെടുന്ന ഉദ്യോഗസ്ഥർ പദ്ധതി പൂർത്തിയായാലുടൻ തന്നെയോ അല്ലെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥന് സ്ഥലംമാറ്റം ലഭിച്ചാലുടനെയോ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളും ഫയലും ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറണമെന്നും നിർവ്വഹണോദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നത് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സമിതി അദ്ധ്യക്ഷന്റെ അനുമതിയോടുകൂടി ആയിരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. കൂടാതെ പദ്ധതി സംബന്ധിച്ചുണ്ടാകുന്ന ഓഡിറ്റ് പരാമർശങ്ങൾക്ക് കൃത്യമായി മറുപടി നൽകണമെന്നും മറുപടി നൽകുവാൻ കൂട്ടാക്കാത്ത ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി കൈക്കൊള്ളുവാൻ ബന്ധപ്പെട്ട വകുപ്പിന് നിർദ്ദേശം നൽകണമെന്നും സമിതി ശിപാർശ ചെയ്യുന്നു. നിർവ്വഹണോദ്യോഗസ്ഥർ സ്ഥലം മാറുമ്പോൾ ബന്ധപ്പെട്ട പഞ്ചായത്തിനെ പുതിയ ജോലിസ്ഥലം നിർബന്ധമായും അറിയിച്ചിരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.1.2 4-6-2012-ലെ 4393/എ.സി2/12/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശം പുറപ്പെടുവിക്കുകയും നിർവ്വഹണോദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനായി എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും നിർദ്ദേശം നൽകുകയും ചെയതിട്ടുണ്ട്.

2.1.3 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണോദ്യോഗസ്ഥർ പാലിക്കേണ്ട നിർദ്ദേശങ്ങൾ സംബന്ധിച്ച് കൃഷി ഡയറക്ടർ 2-4-2013-ലെ എസ്.വി.സി. (4) 61808/07 നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

2.1.4 ബഹു. സമിതിയുടെ നിർദ്ദേശ പ്രകാരം 4-6-2012-ലെ സർക്കുലർ നമ്പർ 4393/എ.സി2/12/ത.സ്വ.ഭ.വ. പുറപ്പെടുവിച്ചെങ്കിലും ഉദ്യോഗസ്ഥർ സ്ഥലംമാറി പോകുമ്പോൾ കൈമാറിയ ഫയലുകളുടെയും രജിസ്റ്ററുകളുടെയും രേഖകളുടെയും ലിസ്റ്റ് ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിക്ക് നൽകേണ്ടതും നിർവ്വഹണ ഉദ്യോഗസ്ഥരെ വിടുതൽ ചെയ്യുന്നത് തദ്ദേശസ്വയംഭരണ വകുപ്പ് സ്ഥാപനത്തിന്റെ അദ്ധ്യക്ഷന്റെ അനുമതിയോടുകൂടിയായിരിക്കണമെന്ന നിർദ്ദേശങ്ങൾ പാലിക്കപ്പെട്ടിട്ടില്ല. ഇപ്രകാരമുള്ള യാതൊരുവിധ രേഖകളും മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

**സമിതി നിർദ്ദേശം**

**2.1.5 പ്രസ്തുത ഖണ്ഡികയിന്മേലുള്ള സമിതി നിർദ്ദേശവും സമിതി നിർദ്ദേശമനുസരിച്ച് പുറപ്പെടുവിച്ച സർക്കുലറിലെ ഉത്തരവും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന് കൃഷി/തദ്ദേശസ്വയംഭരണ വകുപ്പുകളോട് സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 41

**ശിപാർശ**

2.2.1 മേൽ പരാമർശത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികളിൽ പൂർത്തിയാകാത്തവയുടെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. പൂർത്തിയാകാത്ത പ്രവൃത്തികൾക്ക് നൽകിയ തുക പലിശസഹിതം റവന്യൂ റിക്കവറി നടത്തി തുക ഈടാക്കി വിവരം സമിതിയെ അറിയിക്കേണ്ടതുമാണ്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ പരിശോധനാ റിപ്പോർട്ട്

2.2.2 ഖണ്ഡികയിൽ പരാമർശിച്ച 27 പ്രവൃത്തികളിൽ 23 പ്രവൃത്തികളും പൂർത്തീകരിച്ചു. പൂർത്തീകരിക്കാത്ത 4 പ്രവൃത്തികളിൽ 3 പ്രവൃത്തികൾക്ക് കൊടുത്ത തുക തിരിച്ചുപിടിക്കുന്നതിന് റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ട് (ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ 13-6-2005-ലെ സി/963/03 നമ്പർ കത്ത്).

പൂർത്തീകരിക്കാത്ത പ്രവൃത്തികൾ :

1. ചെന്നമ്പാടി കുറിച്യ കോളനി കുടിവെള്ളം - ആർ. ആർ. നടപടി സ്വീകരിച്ചു.
2. ജി.എൽ.പി. സ്കൂൾ വെള്ളമുണ്ട, കുടിവെള്ളം - നടപടി സ്വീകരിച്ചിട്ടില്ല.
3. കള്ളംവെട്ടി അംഗനവാടി - ആർ. ആർ. നടപടി സ്വീകരിച്ചു.
4. തൊടുവയൽ കുറിച്യ കോളനി കിണർ - ആർ. ആർ. നടപടി സ്വീകരിച്ചു.

7-5-2008 തീയതിയിലെ സമിതി യോഗം ആരാഞ്ഞ അധിക വിവരം

2.2.3 പ്രസ്തുത ശിപാർശയിന്മേൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും അന്തിമ നടപടിക്കുറിപ്പ് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

സർക്കാരിൽ നിന്നും ലഭിച്ച മറുപടി

2.2.4 പൂർത്തീകരിക്കാൻ ബാക്കിയുള്ള രണ്ട് പ്രവൃത്തികളായ ചെന്നമ്പാടി കുറിച്യ കോളനി കുടിവെള്ള പദ്ധതി, അണമലക്കുന്ന് കിണർ പ്രവൃത്തി എന്നിവ പൂർത്തീകരിച്ചിട്ടുള്ളതാണ്. മേൽസാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കിത്തരണ മെന്ന് അപേക്ഷിക്കുന്നു.

<u>അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

2.2.5 ചെന്നമ്പാടി കുറിച്യകോളനി കുടിവെള്ള പദ്ധതി, അണമലക്കുന്ന് കിണർ പ്രവൃത്തി എന്നിവയുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു.

<u>12-10-2017 തീയതിയിലെ സമിതി യോഗം ആരാഞ്ഞ അധികവിവരം</u>

2.2.6 ചെന്നമ്പാടി കുറിച്യ കോളനി കുടിവെള്ള പദ്ധതി, അണമലക്കുന്ന് കിണർ പ്രവൃത്തി സംബന്ധിച്ച ഫയലുകൾ ഒരു മാസത്തിനകം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നതിനും നൽകാത്തപക്ഷം തെളിവെടുപ്പ് നടത്തുവാനും സമിതി നിർദ്ദേശിച്ചു.

<u>സർക്കാരിൽനിന്നും ലഭിച്ച അധികവിവരം</u>

2.2.7 പനമരം ഗ്രാമപഞ്ചായത്തിലെ ചെന്നമ്പാടി കുറിച്യ കോളനിയിൽ മോട്ടോർ, പമ്പ് സെറ്റ് സ്ഥാപിക്കൽ പ്രവൃത്തിയുടെ ഫയൽ 9-8-2018-ന് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസർക്ക് കൈമാറിയിട്ടുണ്ട്.

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ അണമലക്കുന്ന് കിണർ പ്രവൃത്തിയുടെ ഫയൽ ഉടനെ ഓഡിറ്റിന് ഹാജരാക്കുന്നതാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

2.2.8 1998-99 വർഷത്തെ 8 മരാമത്ത് പ്രവൃത്തികളും 1999-2000 വർഷത്തെ 27 മരാമത്ത് പ്രവൃത്തികളും മുൻകൂർ കൈപ്പറ്റിയിട്ടും പൂർത്തീകരിച്ചിട്ടില്ല എന്നതാണ് ഓഡിറ്റ് പരാമർശം. പ്രസ്തുത 35 പദ്ധതികളിൽ ഒന്നായ ചെന്നമ്പാടി കുറിച്യ കോളനി കുടിവെള്ള വിതരണം എന്ന പദ്ധതിയുടെ ഫയൽ മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ടി പദ്ധതിയുടെ എം.ബുക്ക്, മോണിട്ടറിംഗ് റിപ്പോർട്ട്, ബിൽ പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടില്ല. ഫയൽ പരിശോധിച്ചതിൽ 1,12,000 രൂപ കൺവീനർക്ക് നൽകുകയും അത്രയും തന്നെ രൂപയുടെ പ്രവൃത്തി നടന്നതായി കാണിക്കുന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യൂവേഷൻ സർട്ടിഫിക്കറ്റും കാണാൻ സാധിച്ചു. 12-10-2018-ൽ നടത്തിയ സ്ഥലപരിശോധനയിൽ ടി പദ്ധതി നിലവിൽ തൃപ്തികരമായി പ്രവർത്തിക്കുന്നതായി കാണുന്നു.

തിരുനെല്ലി ഗ്രാമപഞ്ചായത്തിലെ അണമലക്കുന്ന് കിണർ പ്രവൃത്തിയുടെ ഫയൽ ഓഡിറ്റിന് ഹാജരാക്കുന്നതാണ് എന്ന് അധികവിവരത്തിൽ ബ്ലോക്ക് പഞ്ചായത്ത് പറഞ്ഞിട്ടുണ്ടെങ്കിലും നാളിതുവരെ ആയത് ഹാജരാക്കിയിട്ടില്ല. ഫയലുകളും അനുബന്ധ രേഖകളും ഓഡിറ്റിന് ഹാജരാക്കാത്തതിനെത്തുടർന്ന് 35 പദ്ധതികളുടെ 14,96,552

രൂപയാണ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നത്. അവയിൽ 1,12,000 രൂപ ചെലവഴിച്ച് നടപ്പാക്കിയ ഒരു പദ്ധതിയുടെ ഫയൽ മാത്രമാണ് സമിതി ഇടപെടലിനെത്തുടർന്ന് ഓഡിറ്റിന് ഹാജരാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന 13,84,552 രൂപ ചെലവഴിച്ചതായി പറയുന്ന മറ്റ് 34 പദ്ധതികളുടെ ഫയൽ നാളിതുവരെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

17-10-2018-ലെ തെളിവെടുപ്പ് യോഗം

2.2.9 പദ്ധതി പ്രകാരം കോളനികളിൽ എത്ര കിണറുകൾ നിർമ്മിക്കാനാണുദ്ദേശിച്ചിരുന്നതെന്ന് സമിതി ആരാഞ്ഞതിന് ചെന്നമ്പാടി എന്ന സ്ഥലത്ത് ഒരു കിണറിൽ മോട്ടോർ, പമ്പ്സെറ്റ്, പമ്പ്ഹൗസ് എന്നിവ സ്ഥാപിക്കാനാണ് 1998-99 വർഷത്തിൽ നടപ്പിലാക്കിയ പ്രോജക്ടുകൊണ്ട് ഉദ്ദേശിച്ചിരുന്നതെന്നും ചെന്നമ്പാടി കുറിച്യ കോളനി കുടിവെള്ള പദ്ധതി, അണമലക്കുന്ന് കിണർ പ്രവൃത്തി എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെന്നും വയനാട് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്, ഹെഡ് ക്ലാർക്ക് മറുപടി നൽകി.

ടി പ്രവൃത്തി പൂർത്തീകരിച്ചതിന്റെ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് ചെന്നമ്പാടി കുടിവെള്ള പദ്ധതിയുമായി ബന്ധപ്പെട്ട റിപ്പോർട്ട് നൽകിയിട്ടുണ്ടെന്നും അണമലക്കുന്ന് കിണർ പ്രവൃത്തി പൂർത്തീകരിച്ചത് സംബന്ധിച്ച് റിപ്പോർട്ട് ലഭ്യമായിട്ടില്ലെന്നും, ഫിസിക്കൽ വെരിഫിക്കേഷൻ നടത്താവുന്നതാണെന്നും ജനകീയാസൂത്രണ പദ്ധതിയുടെ ആരംഭ ഘട്ടത്തിൽ ബ്ലോക്ക് പഞ്ചായത്ത് നേരിട്ട് നടത്തിയ പ്രോജക്ട് ആണെന്നും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത്, ഹെഡ് ക്ലാർക്ക് മറുപടി നൽകി.

17-10-2018-ലെ യോഗത്തിൽ സമിതി ആരാഞ്ഞ അധിക വിവരം

2.2.10 അണമലക്കുന്ന് കിണർ പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച റിപ്പോർട്ട് സർക്കാരിനും ഓഡിറ്റ് വകുപ്പിനും എത്രയും വേഗം സമർപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം

2.2.11 പനമരം ഗ്രാമപഞ്ചായത്തിലെ ചെന്നമ്പാടി കുറിച്യ കോളനിയിൽ മോട്ടോർ, പമ്പ് സെറ്റ് സ്ഥാപിക്കൽ പ്രവൃത്തിയുടെ ഫയൽ 13-8-2018-ന് ജില്ലാ ലോക്കൽ ഫണ്ട് ഓഡിറ്റ് ഓഫീസിൽ ഹാജരാക്കിയിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ സൂക്ഷ്മപരിശോധനാക്കുറിപ്പ്

2.2.12 മേൽ പരാമർശത്തിൽ 1998-99 വർഷത്തെ 8 മരാമത്ത് പ്രവൃത്തികളും 1999-2000 വർഷത്തെ 27 മരാമത്ത് പ്രവൃത്തികളും മുൻകൂർ കൈപ്പറ്റിയിട്ടും

പൂർത്തീകരിച്ചില്ല എന്നാണ് സൂചിപ്പിച്ചിട്ടുള്ളത്. ഇതിൽ ഒരു പ്രവൃത്തിയായ ചെന്നമ്പാടി കുറിച്യ കോളനി കുടിവെള്ള വിതരണം എന്ന പദ്ധതിയുടെ ഫയൽ ഇപ്പോൾ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ 1,12,000 രൂപ വിവിധ തീയതികളിലായി കൺവീനർ കൈപ്പറ്റിയിട്ടുണ്ട്. ഫയലിൽ അസിസ്റ്റന്റ് എഞ്ചിനീയർ 29-3-2000-ന് നൽകിയ 1,12,000 രൂപയുടെ വാല്യേഷൻ സർട്ടിഫിക്കറ്റ് ഉണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ച് അളവുകൾ രേഖപ്പെടുത്തിയ അളവ് പുസ്തകമോ, ബിൽ പകർപ്പോ, മോണിറ്ററിംഗ് റിപ്പോർട്ടോ ഫയലിൽ ഇല്ല. 12-10-2018-ന് ചെന്നമ്പാടി കുറിച്യ കോളനിയിൽ സ്ഥല പരിശോധന നടത്തിയതിൽ പമ്പ് ഹൗസ്, വാട്ടർ ടാങ്ക്, പൈപ്പ് ലൈൻ, മോട്ടോർ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ നടന്നിട്ടുണ്ട് എന്ന് ബോധ്യപ്പെട്ടു. കൂടാതെ നിലവിൽ കുടിവെള്ള വിതരണം നല്ല രീതിയിൽ നടക്കുന്നതായും 10 കുടുംബങ്ങൾ ഗുണഭോക്താക്കളായുള്ളതായും ബോധ്യപ്പെട്ടു.

അണമലക്കുന്ന് കിണർ പ്രവൃത്തി പൂർത്തീകരിച്ചതായി അറിയിച്ച് ഫോട്ടോ ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും ബന്ധപ്പെട്ട ഫയൽ ഹാജരാക്കിയിട്ടില്ല.

**തുടർ ശിപാർശ**

**2.2.13 അണമലക്കുന്ന് കിണർ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഖണ്ഡിക നമ്പർ 65, 66

**ശിപാർശ**

2.3.1 ബ്ലോക്ക് പഞ്ചായത്തുകൾ വ്യക്തിഗത ഗുണഭോക്താക്കൾക്കായി സാധനങ്ങൾ വാങ്ങി നൽകുമ്പോൾ അവ സംബന്ധിച്ച സ്റ്റോക്ക് രജിസ്റ്റർ, സാധനം വാങ്ങിയതിന്റെ നടപടിക്രമങ്ങൾ, രസീത്, വിതരണം ചെയതത് സംബന്ധിച്ച രജിസ്റ്റർ, ഗുണഭോക്താക്കളുടെ ലിസ്റ്റ്, കൈപ്പറ്റ് രസീത് എന്നിവ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിരിക്കണമെന്നും ഓഡിറ്റിന് ഇവ ഹാജരാക്കി ബോധ്യപ്പെടുത്തണമെന്നും പല ഓഡിറ്റ് റിപ്പോർട്ടുകളിലും ചൂണ്ടിക്കാണിച്ചിട്ടും പല ഉദ്യോഗസ്ഥരും അത് പാലിക്കാൻ കൂട്ടാക്കാതെ ഇതിന് വിരുദ്ധമായി പ്രവർത്തിക്കുകയും മതിയായ രേഖകൾ സൂക്ഷിക്കാതെ ഓഡിറ്റ് പരാമർശത്തിനിടയാക്കുകയും ചെയ്യുന്നു. നിരുത്തരവാദപരമായി പ്രവർത്തിക്കുന്ന ഇത്തരം ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2.3.2 ഓഡിറ്റ് പരാമർശത്തിന് ശേഷം ബന്ധപ്പെട്ട രേഖ കൃത്രിമമായി ഉണ്ടാക്കിയ ഉദ്യോഗസ്ഥർക്കെതിരെ ഔദ്യോഗിക രേഖകളിൽ കൃത്രിമം കാണിച്ചതിന് ശിക്ഷാ നടപടികൾ കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

2.3.3 സി.എഫ്.എൽ. ലാമ്പുകളുടെ ഗുണഭോക്താക്കളെ നിർണ്ണയിച്ചതും ലാമ്പുകൾ ബ്ലോക്ക് പഞ്ചായത്തിൽ നിന്ന് ഏറ്റുവാങ്ങി വിതരണം ചെയ്തതും ഗ്രാമപഞ്ചായത്തുകളാണ്. ആയതിന്റെ അടിസ്ഥാനത്തിൽ ചില പഞ്ചായത്തുകൾ ലഭ്യമാക്കിയ ഗുണഭോക്തൃ ലിസ്റ്റ്, കൈപ്പറ്റ് രസീത് എന്നിവ പരിശോധനാ സമയത്ത് ഫയലിൽ ലഭ്യമായിരുന്നില്ല. ലാമ്പുകൾ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു എന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിലാണ് ഗ്രാമപഞ്ചായത്തുകളിൽ സൂക്ഷിട്ടുള്ള പ്രസ്തുത രേഖകൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരിൽ നിന്ന് വാങ്ങിച്ച് ഫയലിൽ സൂക്ഷിച്ചത്. ഫയലുകൾ പൂർത്തീകരിക്കാനും ഓഡിറ്റിന് സമർപ്പിക്കാനും വേണ്ടിയാണ് രേഖകൾ വാങ്ങിച്ചതെന്നും അവ കൃത്രിമമായി ഉണ്ടാക്കിയത് അല്ലെന്നും ബോധിപ്പിക്കുന്നു. ആയതിനാൽ ഉദ്യോഗസ്ഥന്മാർക്കെതിരെ ശിക്ഷാനടപടികൾ കൈക്കൊള്ളരുതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അപേക്ഷിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

2.3.4 നിരുത്തരവാദപരമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണം എന്ന നിയമസഭാ സമിതിയുടെ ശിപാർശ നടപ്പാക്കിയിട്ടില്ല. പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഗുണഭോക്തൃ ലിസ്റ്റ്, സാധനം വാങ്ങിയതിന്റെ നടപടിക്രമങ്ങൾ, രസീത്, രജിസ്റ്ററുകൾ, കൈപ്പറ്റ് രസീത് എന്നിവ ഇപ്പോൾ യഥാസമയം തന്നെ സൂക്ഷിക്കുന്നുണ്ടെന്നും മാർഗ്ഗനിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നുണ്ടെന്നും തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി 2-2-2019-ലെ ഡി/35/2011 നമ്പർ കത്ത് പ്രകാരം അറിയിച്ചിട്ടുണ്ട്.

**തുടർശിപാർശ**

**2.3.5 നിരുത്തരവാദപരമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ നടപ്പിലാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടുന്നതിനും സമിതി ശിപാർശ അടിയന്തരമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

<u>അദ്ധ്യായം-III</u>

## സർക്കാരിന്റെ/കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തര നടപടികൾ തുടരേണ്ടതില്ല എന്ന് തീരുമാനിച്ച ശിപാർശകളും അവയ്ക്ക് സർക്കാരിൽ/സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറിൽ നിന്ന് ലഭിച്ച മറുപടികളും

<u>ഖണ്ഡിക നമ്പർ 5, 6, 7, 8</u>

**ശിപാർശ**

3.1.1 ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് റിപ്പോർട്ടുകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നതിൽ പലപ്പോഴും അക്ഷന്തവ്യമായ കാലതാമസം ഉണ്ടാകുന്നതായും ഇതിനാൽ തന്നെ പലപ്പോഴും കുറ്റക്കാരായവർ ശിക്ഷിക്കപ്പെടാതെ രക്ഷപ്പെടുന്നതായും

ഇതുവഴി പഞ്ചായത്തുകൾക്ക് വൻ ധനനഷ്ടം ഉണ്ടാകുന്നതായും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഓഡിറ്റ് റിപ്പോർട്ടുകൾ ലഭിച്ച് ഒരു വർഷത്തിനുള്ളിൽ അതിന്മേലുള്ള തുടർ നടപടികൾ പൂർത്തീകരിക്കുന്നതിനായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി കൃത്യമായ നടപടിയെടുക്കുന്നുണ്ടെന്ന് ഗ്രാമവികസന കമ്മീഷണർ ഉറപ്പുവരുത്തണമെന്നും ഇതിനായി ഒരു മേൽനോട്ട സമിതിയെ ചുമതലപ്പെടുത്തണമെന്നും സമിതി നിർദ്ദേശിക്കുന്നു. ഓഡിറ്റിന്മേലുള്ള തുടർ നടപടി നിശ്ചിത സമയത്തിനുള്ളിൽ സ്വീകരിക്കുന്നതിന് വീഴ്ച വരുത്തുന്നതിലൂടെ കുറ്റക്കാർ രക്ഷപ്പെടാൻ ഇടയായാൽ അതിനിടയാക്കിയ ഉദ്യോഗസ്ഥരിൽ നിന്നും പ്രസ്തുത നഷ്ടം പലിശ സഹിതം ഈടാക്കണമെന്നും അവർക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

3.1.2 5-10-2004-ൽ ചേർന്ന സമിതിയുടെ തെളിവെടുപ്പ് യോഗത്തിൽ കരാറുകാരനിൽ നിന്നും അധികം നൽകിയ തുക തിരിച്ചടപ്പിച്ച് 20-10-2004-ന് മുൻപായി രസീത് ഓഡിറ്റ് വകുപ്പിന് നൽകാമെന്ന് മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ.-ഇൻ-ചാർജ്ജ് ശ്രീ. ഇ. പി. കുഞ്ഞിരാമൻ ഉറപ്പുനൽകിയെങ്കിലും ഇതുവരെയും ഇത് സംബന്ധിച്ച് മറുപടി സമിതിക്ക് ലഭ്യമാക്കാത്തത് സമിതിയോടുള്ള അനാദരവായി സമിതി കണക്കാക്കുന്നു. പ്രസ്തുത തുക തിരിച്ചടച്ചുവോയെന്നത് സംബന്ധിച്ചും അതിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ചുമുള്ള റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

3.1.3 ഓഡിറ്റ് പരിശോധനയുടെ ഭാഗമായി സമിതി നടത്തുന്ന തെളിവെടുപ്പ് വേളയിൽ ഓഡിറ്റിന്മേൽ തുടർ നടപടി സ്വീകരിക്കുന്നത് സംബന്ധിച്ച് ബന്ധപ്പെട്ട ബ്ലോക്ക് സെക്രട്ടറിമാർ സമിതിക്ക് നൽകുന്ന ഉറപ്പുകൾ പാലിച്ച് കാണുന്നില്ല.

3.1.4 സമിതി നിർദ്ദേശം പാലിക്കുന്നതിനും സമിതിയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന ഉറപ്പുകൾ പാലിക്കുന്നതിനും വകുപ്പ് തലത്തിൽ ആവശ്യമായ നിർദ്ദേശം നൽകണമെന്നും ആയതിന് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.1.5 1997-98 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ പനമരം ഗ്രാമപഞ്ചായത്തിലെ തോട്ടുമുക്ക് ചെക്ക് ഡാം ജലസേചന കനാൽ നിർമ്മാണ പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കൺവീനർ ശ്രീ. വി. താജുദ്ദീന് അധികമായി നൽകിയെന്ന് ഓഡിറ്റിൽ കണ്ടെത്തിയ 4,888 രൂപ റവന്യൂ റിക്കവറി നടപടികൾ പ്രകാരം പലിശ ഉൾപ്പെടെ ഈടാക്കുവാൻ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ടിയാൾ പലിശ ഉൾപ്പെടെ 6,751 രൂപ ഈ ഓഫീസിൽ അടയ്ക്കുകയും, ടി തുക 30-3-2010-ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക് മാനന്തവാടി

ശാഖയിലെ 2879000100009859 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. ഓഡിറ്റ് പരാമർശത്തിന്മേൽ സമയബന്ധിതമായി നടപടി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പ് വരുത്താൻ ഗ്രാമവികസന കമ്മീഷണർ തലത്തിൽ ഒരു മേൽനോട്ട സമിതിയെ നിയോഗിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട സമിതി മുൻപാകെ നൽകുന്ന വിവിധ ഉറപ്പുകളിന്മേൽ തുടർ നടപടി സ്വീകരിക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനായി, ഓരോ സമിതി യോഗത്തിന് ശേഷവും അത്തരം ഉറപ്പുകളുടെയും സമിതി നൽകുന്ന നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്കും വകുപ്പ് മേധാവികൾക്കും സർക്കാർ തലത്തിൽ കർശന നിർദ്ദേശം നൽകി വരുന്നുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.1.6 തോട്ടുമുക്ക് ചെക്ക് ഡാം ജലസേചന കനാൽ നിർമ്മാണ പ്രവൃത്തിയുടെ ഫൈനൽ ബിൽ പ്രകാരം കൺവീനർ ശ്രീ. വി. താജുദ്ദീന് അധികമായി നൽകിയെന്ന് ഓഡിറ്റിൽ കണ്ടെത്തിയ 4,888 രൂപ റവന്യൂ റിക്കവറി നടപടികൾ പ്രകാരം പലിശ ഉൾപ്പെടെ 6,751 രൂപ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ അടയ്ക്കുകയും ടി തുക 30-3-2010-ൽ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള പഞ്ചാബ് നാഷണൽ ബാങ്ക് മാനന്തവാടി ശാഖയിലെ 2879000100009859 എന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുണ്ട്. തുക സർക്കാരിലേക്ക് അടച്ചിട്ടില്ല.

<u>ഖണ്ഡിക നമ്പർ 12, 13</u>

**ശിപാർശ**

3.2.1 4-10-1999-ന് പുറപ്പെടുവിച്ച ഓഡിറ്റിലെ പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ സെക്രട്ടറിയായിരുന്ന ശ്രീ. സുധാകരൻ പിള്ള അധികമായി ചെലവ് ചെയ്ത 12,500 രൂപ തിരിച്ചുപിടിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാതിരുന്നത് ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ ഗുരുതരമായ കൃത്യവിലോപമാണെന്നും 5-10-2004-ലെ സമിതി യോഗത്തിന് മറുപടി നൽകുന്നതിന് വേണ്ടി മാത്രമാണ് 16-9-2004-ൽ ഒരു അന്വേഷണ കമ്മിറ്റിയെ നിയോഗിച്ചതെന്നും സമിതി വിലയിരുത്തുന്നു.

3.2.2 ബ്ലോക്ക് പഞ്ചായത്ത് പ്രസ്തുത ഭൂമി ഇടപാടുമായി ബന്ധപ്പെട്ട് നടത്തുന്ന അന്വേഷണത്തിന്റെ വിശദവിവരങ്ങളും ഇപ്പോഴത്തെ അവസ്ഥയുമടങ്ങുന്ന വിശദമായ റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.2.3 ശ്രീ. എൻ. സുധാകരൻ പിള്ള സെക്രട്ടറിയായിരിക്കെ പട്ടികവർഗ്ഗ പുനരധിവാസ പദ്ധതി പ്രകാരം 1996-97-ൽ സെന്റ് ഒന്നിന് 2500 രൂപ നിരക്കിൽ ശ്രീ. എലഞ്ഞിമറ്റത്തിൽ ജോസഫ് എന്നയാളുടെ പക്കൽ നിന്നും വാങ്ങിയ ഒരേക്കർ

സ്ഥലം, ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി 21-3-1997-ലെ 21/97 (2) നമ്പർ തീരുമാനപ്രകാരം തെരഞ്ഞെടുത്ത 20 ഗുണഭോക്താക്കൾക്ക് 5 സെന്റ് വീതം വീതിച്ച് ആധാരം നടത്തി നൽകിയിട്ടുണ്ട് എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. പേര്, വയസ്സ്, ആധാരം രജിസ്റ്റർ ചെയ്ത നമ്പർ, തീയതി, പഞ്ചായത്ത് അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിലെ ക്രമനമ്പർ എന്ന ക്രമത്തിൽ ഗുണഭോക്താക്കളുടെ വിവരങ്ങൾ ചുവടെ നൽകുന്നു.

1. വെളിച്ചി, W/o ചൊറിയൻ, 49, 1126, 29-3-1997 (17)
2. ശേഖരൻ, S/o ചാത്തൻ, 38, 1127, 29-3-1997 (20)
3. രാജൻ, S/o നെല്ലി, 38, 1128, 29-3-1997 (29)
4. മുരളി, S/o പാക്കൻ, 45, 1129, 29-3-1997 (21)
5. രാജൻ, S/o മാതൻ, 32, 1130, 29-3-1997 (23)
6. ചന്ദ്രൻ, S/o വെള്ളി, 27, 1131, 29-3-1997 (27)
7. ഗീത, D/o ചാത്തൻ, 28, 1132, 29-3-1997 (30)
8. മാരൻ, S/o വെള്ളി, 40, 1133, 29-3-1997 (28)
9. ചോമൻ, S/o വെള്ളി, 48, 1134, 29-3-1997 (16)
10. ചുണ്ട, W/o ചാമൻ, 50, 1135, 29-3-1997 (14)
11. വെള്ളി, S/o കറപ്പൻ, 65, 1136, 29-3-1997 (13)
12. ചന്ദ്രൻ, S/o യോഗി, 35, 1137, 29-3-1997 (26)
13. കുട്ടൻ, S/o മാതൻ, 45, 1138, 29-3-1997 (15)
14. കറപ്പൻ, S/o ചൊട്ടൻ, 51, 1139, 29-3-1997 (19)
15. ഒടുക്കൻ, S/o വെളിയൻ, 44, 1140, 29-3-1997 (18)
16. യോഗി, S/o വെളിയൻ, 42, 1141, 29-3-1997 (25)
17. സജി, S/o മാതൻ, 28, 1142, 29-3-1997 (24)
18. സോമൻ, S/o യോഗി, 35, 1143, 29-3-1997 (22)
19. നളിനി, D/o ലക്ഷ്മി, 30, 1144, 29-3-1997 (31)
20. ജാനു, D/o വെള്ളി, 32, 1145, 29-3-1997 (32)

3.2.4 രജിസ്റ്റർ ചെയ്ത ഒരു ആധാരം ഓഡിറ്റ് വേളയിൽ പരിശോധനയ്ക്ക് ലഭ്യമാക്കാൻ വിട്ടുപോയ സാഹചര്യത്തിൽ 19 പേർക്ക് മാത്രമാണ് 5 സെന്റ് വീതം ഭൂമി നൽകിയതെന്ന തരത്തിൽ ഓഡിറ്റിൽ പരാമർശമുണ്ടായതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3.2.5 ഓഡിറ്റ് വേളയിൽ ഹാജരാക്കാൻ കഴിയാതിരുന്ന ഒരു പ്രമാണം റെക്കോർഡ് റൂമിൽ നിന്നും കണ്ടെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. മേൽ പരാമർശിച്ച 20 ഗുണഭോക്താക്കൾക്കും രജിസ്റ്റർ ചെയ്ത് നൽകിയ പ്രമാണത്തിന്റെ അസ്സലുകൾ ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ പരിശോധനയ്ക്ക് ലഭ്യമാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3.2.6 ഈ സാഹചര്യത്തിൽ ശ്രീ. സുധാകരൻ പിള്ളയിൽ നിന്നും ഓഡിറ്റിൽ നിർദ്ദേശിച്ചതുപോലെ 5 സെന്റ് ഭൂമിയുടെ വില 12,500 രൂപ ഈടാക്കേണ്ടതില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3.2.7 ശ്രീ. സുധാകരൻ പിള്ള നടത്തിയ സ്ഥലമിടപാടുകളെ സംബന്ധിച്ച് അന്വേഷിക്കുവാൻ മുൻപ് നിയോഗിക്കപ്പെട്ട സമിതി പ്രാഥമികാന്വേഷണം നടത്തിയതല്ലാതെ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായില്ല എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3.2.8 ബഹു. നിയമസഭാ സമിതിയുടെ റിപ്പോർട്ട് ലഭിച്ചതിന് ശേഷം ടി വിഷയം ബ്ലോക്ക് ഭരണസമിതി ചർച്ച ചെയ്യുകയും പുതിയൊരു അഞ്ചംഗ അന്വേഷണ സമിതിയെ നിയോഗിക്കുകയുമുണ്ടായി. അന്വേഷണ സമിതി അതിന്റെ റിപ്പോർട്ട് 13-3-2008-ൽ സമർപ്പിച്ചിട്ടുണ്ട്.

3.2.9 ശ്രീ. സുധാകരൻ പിള്ള നടത്തിയ സ്ഥലം വാങ്ങലുകളിൽ അഴിമതിയോ, ധനദുർവിനിയോഗമോ നടന്നിട്ടില്ല എന്നും എന്നാൽ ഭരണപരമായ ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെന്നും എങ്കിൽപോലും സർക്കാരിന് ധനനഷ്ടമൊന്നും ഉണ്ടായിട്ടില്ല എന്നുമാണ് അന്വേഷണ സമിതിയുടെ കണ്ടെത്തൽ എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3.2.10 ജനകീയാസൂത്രണത്തിന്റെ ആരംഭഘട്ടത്തിലുണ്ടായിരുന്ന പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച ധാരണാപിശകുകൾ, സാമ്പത്തികവർഷം അവസാനിക്കാറായ വേളയിൽ പദ്ധതി പണം ലാപ്സായി പോകാതെ പരമാവധി വിനിയോഗിക്കുവാനുള്ള ശ്രമം എന്നീ വശങ്ങൾ പരിഗണിക്കപ്പെടേണ്ടതുണ്ടെന്നാണ് സമിതിയുടെ വിലയിരുത്തൽ. രശീതികളിൽ തീയതി ഇടാതിരുന്നത് മനഃപൂർവ്വമല്ലെന്നും, എഴുത്ത് ഫീസും മുദ്രപത്ര വിലയും രജിസ്ട്രേഷൻ ഫീസും ചെക്ക് മുഖേന നൽകാൻ പ്രായോഗിക വിഷമതകൾ ഉണ്ടായിരുന്നുവെന്നും സ്ഥലമുടമകൾക്ക് സ്ഥല വില മുഴുവൻ സബ് രജിസ്ട്രാർ മുമ്പാകെ നൽകിയിട്ടുണ്ടെന്നുമുള്ള ശ്രീ. സുധാകരൻ പിള്ളയുടെ വാദങ്ങൾ അംഗീകരിക്കാവുന്നവയാണെന്നും അന്വേഷണ സമിതി വിലയിരുത്തിയെന്നാണ് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുള്ളത്.

3.2.11 സെക്രട്ടറി അല്പം കൂടി ശ്രദ്ധ കാണിച്ചിരുന്നുവെങ്കിൽ സ്ഥല വില സെൽഫ് ചെക്ക് പ്രകാരം പിൻവലിച്ച നടപടി ഒഴിവാക്കാമായിരുന്നുവെന്നാണ് അന്വേഷണ സമിതിയുടെ നിഗമനം എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3.2.12 നാല് സ്ഥലമിടപാടുകളിലും മുഴുവൻ ഗുണഭോക്താക്കൾക്കും സ്ഥലം ലഭിച്ചിട്ടുണ്ടെന്നും, ഇടപാടുകളിൽ സർക്കാരിന് സാമ്പത്തിക നഷ്ടമൊന്നും ഉണ്ടാകാത്ത സാഹചര്യത്തിൽ ശ്രീ. സുധാകരൻ പിള്ളയ്ക്കെതിരെ നടപടികൾ ആവശ്യമില്ലെന്നുമായിരുന്ന അന്വേഷണ സമിതിയുടെ ശിപാർശയെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.2.13 ശ്രീ. എലഞ്ഞിമറ്റത്തിൽ ജോസഫ് എന്ന വ്യക്തിയിൽ നിന്നും 1 ഏക്കർ സ്ഥലം സെന്റ് ഒന്നിന് 2500 രൂപ നിരക്കിൽ 20 ഗുണഭോക്താക്കൾക്ക് 5 സെന്റ് വീതം വീതിച്ച് നൽകുന്നതിനായിരുന്ന വൗച്ചർ നമ്പർ 254/29.3.97 പ്രകാരം 2,84,500 രൂപ പിൻവലിച്ച് ചെലവഴിച്ചത്. 1995-96 മുതൽ 1998-99 വരെയുള്ള ചെലവിനങ്ങളുടെ ഓഡിറ്റ് റിപ്പോർട്ടിൽ [എൽ.എഫ്.(ഡബ്ല്യൂ) പി4-542/99 തീയതി 4-10-1999] 19 ആധാരങ്ങൾ മാത്രമാണ് ഹാജരാക്കിയിട്ടുള്ളത്. ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച നടപടി വിശദീകരണ പത്രികയിൽ കുറവ് വന്ന പ്രമാണങ്ങൾ റെക്കോർഡ് റൂമിൽ നിന്നും കണ്ടുകിട്ടിയെന്നും പരിശോധനയ്ക്ക് ലഭ്യമാണെന്ന് അറിയിച്ചെങ്കിലും 3-10-2013-ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ഇതു കാണിച്ചുതരാൻ സാധിച്ചില്ല. പരിശോധനയിൽ 17 പ്രമാണങ്ങൾ മാത്രമാണ് കണ്ടത്. ലഭ്യമാക്കാത്ത പ്രമാണങ്ങളുടെ വിവരം ചുവടെ കൊടുക്കുന്നു:

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | ആധാരം നമ്പർ |
|---|---|---|
| 1 | ചന്ദ്രൻ S/o വെള്ളി | 1131 |
| 2 | യോഗി S/o വെളിയൻ | 1141 |
| 3 | സജി S/o മാതൻ | 1142 |

ആയതിനാൽ ശ്രീ. സുധാകരൻ പിള്ളയിൽ നിന്നും 5 സെന്റ് ഭൂമിയുടെ വില 12,500 രൂപ ഈടാക്കേണ്ടതില്ല എന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ വാദം ശരിയല്ല. ഫയലുകളും രേഖകളും ഓഡിറ്റിന്/പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് വീഴ്ച വരുത്തിയിട്ടുണ്ടെന്നും ബഹു. സമിതിയെ അറിയിക്കുന്നു.

3.2.14 ശ്രീ. സുധാകരൻ പിള്ള നടത്തിയ സ്ഥലമിടപാടുകൾ സംബന്ധിച്ച് അന്വേഷണത്തിനായി 5 അംഗ സമിതിയെ നിയോഗിക്കുകയുണ്ടായി. ശ്രീമതി കെ. അമ്മു,

പ്രസിഡന്റ്, ശ്രീ. എ. കെ. രാമുണ്ണി നായർ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ശ്രീ. കെ. എസ്. സഹദേവൻ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ശ്രീമതി സിൽവി തോമസ്, മെമ്പർ, ശ്രീ. എ. ഈശ്വരൻ, സെക്രട്ടറി എന്നിവരായിരുന്നു അന്വേഷണ സമിതി അംഗങ്ങൾ. അന്വേഷണ സമിതിയിൽ പുറമേ നിന്നുള്ള വ്യക്തി/വ്യക്തികൾ ഉൾപ്പെടുത്തിയിട്ടില്ല. അന്വേഷണ സമിതി 13-3-2008-ന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. അന്വേഷണ സമിതിയുടെ ശിപാർശ പ്രകാരം സ്ഥലമിടപാടുകളിൽ ധനദുർവിനിയോഗം, സർക്കാർ ധനനഷ്ടം എന്നിവ സംഭവിച്ചിട്ടില്ല എന്ന് വ്യക്തമായിട്ടുണ്ട്. സമിതി റിപ്പോർട്ട് പ്രകാരം പിന്നീട് യാതൊരു നടപടികളും എടുത്തതായി ബ്ലോക്ക് പഞ്ചായത്തിന്റെ രേഖയിലില്ല.

## ഖണ്ഡിക നമ്പർ 16, 17

## ശിപാർശ

3.3.1 ബ്ലോക്ക് പഞ്ചായത്തുകളുമായി ബന്ധപ്പെട്ട പദ്ധതികൾക്കായി ആവശ്യത്തിലേറെ തുക പിൻവലിക്കുന്നതായും പിൻവലിക്കുന്ന തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ട്രഷറിയിൽ നിക്ഷേപിക്കാതെ കൈവശം സൂക്ഷിക്കുന്നതായും സമിതി മനസ്സിലാക്കുന്നു. ഇത് ധന ദുർവിനിയോഗവും ബന്ധപ്പെട്ട നിയമങ്ങൾക്കെതിരും ആകയാൽ ഇതാവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

3.3.2 പദ്ധതികൾക്കായി പിൻവലിക്കുന്ന മുൻകൂർ തുകയിൽ നിന്നുള്ള ചെലവുകളുടെ രേഖകളും ചെലവാകാതെ വരുന്ന തുക സംബന്ധിച്ച വിശദാംശങ്ങളും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥർ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ബാക്കിവരുന്ന തുക കൈവശം സൂക്ഷിക്കാതെ ട്രഷറിയിൽ നിക്ഷേപിച്ച് പലിശയിനത്തിലുള്ള നഷ്ടം ഒഴിവാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇതിന് വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ പണാപഹരണത്തിന് കേസ്സെടുത്ത് നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.3.3 പദ്ധതി നടത്തിപ്പിനെ സംബന്ധിച്ച മതിയായ ധാരണയില്ലായ്മ നിമിത്തം അന്നത്തെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ ഭാഗത്തുനിന്നുണ്ടായ ഒരു വീഴ്ചയായിരുന്നു മിച്ചംവന്ന 23,700 രൂപ തിരിച്ചടയ്ക്കാതെ സൂക്ഷിച്ച നടപടി. പിന്നീടൊരിക്കലും ഇത്തരമൊരുനടപടി പദ്ധതി നടത്തിപ്പിന്റെ ഭാഗമായി സെക്രട്ടറിമാരുടെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3.3.4 ജനകീയാസൂത്രണ പദ്ധതിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾക്കും സർക്കാരിന്റെ ധനവിനിയോഗ ചട്ടങ്ങൾക്കും അനുസൃതമായാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ധനവിനിയോഗം നടന്നുവരുന്നതെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. 2004-ൽ ബിൽ സമ്പ്രദായം നിലവിൽ വന്നതിനെത്തുടർന്ന് പദ്ധതി ആവശ്യാർത്ഥം മുൻകൂർ തുക ട്രഷറിയിൽ നിന്നും പിൻവലിക്കാൻ കഴിയില്ല. മാത്രമല്ല ട്രഷറിയിൽ നിന്നും പിൻവലിക്കുന്ന തുക രൊക്കം പണമായി നൽകാൻ നിയമം അനുവദിക്കുന്നുമില്ല. ഇപ്പോൾ ചെക്ക്/ഡ്രാഫ്റ്റ് പ്രകാരം മാത്രമാണ് ബ്ലോക്ക് പഞ്ചായത്തിന്റെ എല്ലാ ധനവിനിയോഗങ്ങളും നടത്തി വരുന്നത്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.3.5 അധികമായി പിൻവലിച്ച 23,700 രൂപ 2-12-1998-ന് പ്ലാൻ ഫണ്ടിൽ തിരിച്ചടവ് നടത്തിയിട്ടുണ്ട്. അധികമായി പിൻവലിക്കുന്ന തുക കൈവശം സൂക്ഷിക്കുന്ന നടപടി ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കണമെന്ന ബഹു. സമിതി നിർദ്ദേശം അപ്രകാരം പാലിക്കുന്നതാണെന്ന് സെക്രട്ടറി അറിയിച്ചു.

3.3.6 നിലവിൽ ചെക്ക്/ഡ്രാഫ്റ്റ് പ്രകാരമാണ് പണമിടപാടുകൾ ബ്ലോക്ക് പഞ്ചായത്തിൽ നിർവ്വഹിക്കുന്നത്. പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾക്കും ബിൽ സമ്പ്രദായം അനുസരിച്ചും മാത്രമാണ് പണമിടപാടുകൾ നടത്തുന്നതാണെന്നും ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചതിൽ തുടർ വർഷങ്ങളിലെ ഓഡിറ്റ് വേളയിൽ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതുമാണ്.

ഖണ്ഡിക നമ്പർ 23, 24, 25

**ശിപാർശ**

3.4.1 മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിലെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശത്തിന് മറുപടി നൽകുവാൻ തയ്യാറാകാതിരുന്ന കൃഷിവകുപ്പ് അസിസ്റ്റന്റ് ഡയറക്ടർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കുവാനും പ്രോജക്ടിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരം പദ്ധതി നടപ്പാക്കാത്തതുമൂലം പഞ്ചായത്തിനുണ്ടായ നഷ്ടം കൃഷിവകുപ്പ് അസിസ്റ്റന്റ് ഡയറക്ടറിൽ നിന്നും ഈടാക്കി പഞ്ചായത്തിന് നൽകാൻ കൃഷിവകുപ്പ് അടിയന്തര നടപടി സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.4.2 ബന്ധപ്പെട്ട കൃഷി ഓഫീസറെ സംബന്ധിച്ച വിശദവിവരം ഒരാഴ്ചയ്ക്കുള്ളിൽ അറിയിക്കാമെന്ന് സമിതിയുടെ 5-10-2004-ലെ തെളിവെടുപ്പിൽ മാനന്തവാടി ബി.ഡി.ഒ. ഉറപ്പുനൽകിയെങ്കിലും നാളിതുവരെയും പ്രസ്തുത വിവരം സമിതിക്ക് ലഭ്യമാക്കാത്തതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.

3.4.3 ഓഡിറ്റ് പരാമർശമുണ്ടായിട്ടും കൃഷി വകുപ്പ് ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കുവാൻ തയ്യാറാകാതിരുന്ന ബ്ലോക്ക് പഞ്ചായത്ത് അധികൃതരുടെ നിരുത്തരവാദപരമായ നടപടി അപലപനീയമാണ്. ഇത് സമിതി ഗൗരവമായി കാണുന്നുവെന്നും ഇതിനുത്തരവാദികളായ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.4.4 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി 2006-2008-ൽ കണ്ടെത്തിയ സാമ്പത്തിക ക്രമക്കേടുമായി ബന്ധപ്പെട്ട് മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ. ജോൺ വിത്സൺ 31-12-2007-ൽ റിട്ടയർ ചെയ്ത സാഹചര്യത്തിൽ, ടിയാന്റെ ബാദ്ധ്യതയായി നിശ്ചയിച്ച തുകയായ ഒരു ലക്ഷം രൂപ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കുവാൻ അക്കൗണ്ടന്റ് ജനറൽ (എ&ഇ)യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ടിയാൻ റിട്ടയർ ചെയ്തതിനാൽ വകുപ്പുതല നടപടി സ്വീകരിക്കുവാൻ നിർവ്വാഹമില്ല.

3.4.5 പ്രോജക്ട് ഫയലും നിർവ്വഹണോദ്യോഗസ്ഥന്റെ വിശദീകരണവും ടിയാൻ ജോലി ചെയ്യുന്ന ഓഫീസിന്റെ വിലാസവും നിരന്തരമായി ആവശ്യപ്പെട്ടിട്ടും 13-9-2006-ൽ മാത്രമാണ് നിർവ്വഹണോദ്യോഗസ്ഥന്റെ മേൽവിലാസം മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ലഭ്യമാക്കിയത്. തുടർന്ന് ശ്രീ. ജോൺ വിത്സണിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ട് പലതവണ കത്തയയ്ക്കുകയുണ്ടായെങ്കിലും ടിയാൻ വിരമിച്ച ശേഷം 2-1-2009-ൽ മാത്രമാണ് ഒരു വിശദീകരണം ടിയാനിൽ നിന്നും ലഭിക്കുന്നതെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.4.6 മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ. ജോൺ വിത്സൺ 31-12-2007-ൽ റിട്ടയർ ചെയ്തു. ടിയാന് 1,00,216 രൂപ ബാദ്ധ്യത നിശ്ചയിച്ച് ബാദ്ധ്യതാ സർട്ടിഫിക്കറ്റ് 24-9-2010-ന് നൽകി. ടി തുക ടിയാന്റെ ഡി.സി.ആർ.ജി.യിൽനിന്നും ഈടാക്കുന്നതിനായി പുനലൂർ സബ്ട്രഷറി ഓഫീസർക്ക് കൃഷി ഡയറക്ടറുടെ 20-6-2012-ലെ ഓഡിറ്റ് 1(1)78339/07 പ്രകാരം അറിയിച്ചു. ഡി.സി.ആർ.ജി.യിൽ നിന്നും തുക ഈടാക്കിയതിന്റെയും പിന്നീട് തുടർനടപടികൾ സ്വീകരിച്ചതിന്റെയും വിവരം ബ്ലോക്ക് പഞ്ചായത്തിന്റെ ഫയലുകളിൽ നിന്നും ലഭ്യമല്ല.

3.4.7 ഖണ്ഡികയിലെ പരാമർശത്തിന് വിധേയമായ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജോൺ വിത്സണിൽ നിന്നും 2-1-2009-ൽ ബ്ലോക്ക് പഞ്ചായത്തിന് വിശദമായ മറുപടി ലഭിച്ചു. ടിയാൻ സേവനത്തിൽ നിന്ന് വിരമിച്ചതിന് ശേഷമാണ് ഓഡിറ്റിനുള്ള മറുപടി തയ്യാറാക്കി അയച്ചിട്ടുള്ളത്.

3.4.8 പദ്ധതി നിർവ്വഹണ സമയത്ത് മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടറായിരുന്ന ശ്രീ. ജോൺ വിത്സണിന്റെ ഓഡിറ്റ് പരാമർശത്തിനുള്ള വിശദീകരണം പരിഗണിക്കുകയും 1-2-2008-ൽ കത്ത് നമ്പർ 1205/07(2) പ്രകാരം വകുപ്പുതല നടപടിയെടുക്കാൻ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് കത്ത് അയച്ച് ആവശ്യപ്പെട്ടെങ്കിലും യാതൊരു വിവരവും ലഭിച്ചിട്ടില്ല. ടിയാൻ സേവനത്തിൽ നിന്നും വിരമിച്ചതിനാൽ 1,00,216 രൂപയുടെ ബാദ്ധ്യത തിട്ടപ്പെടുത്തി 24-9-2010-ലെ ഇ-1205/10 കത്ത് പ്രകാരം ബാദ്ധ്യതാ സർട്ടിഫിക്കറ്റ് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് അയച്ച് കൊടുത്തിട്ടുണ്ട്. കൃഷി ഡയറക്ടറുടെ ഓഡിറ്റ് 1(1)/78339/2007 തീയതി 20-6-2012-ലെ കത്ത് പ്രകാരം ശ്രീ. ജോൺ വിത്സണിന്റെ ബാദ്ധ്യതയായി ഉൾപ്പെടുത്തിയ തുക ഡി.സി.ആർ.ജി.യിൽ നിന്നും ഈടാക്കുന്നതിനായി പുനലൂർ സബ് ട്രഷറി ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്. പിന്നീടുള്ള തുടർ നടപടികളുടെ വിവരം ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

<u>20-5-2015 തീയതിയിലെ സമിതിയോഗം ആരാഞ്ഞ അധികവിവരം</u>

3.4.9 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജോൺ വിത്സണിൽ നിന്നും തുക ഈടാക്കിയതിന്റെ രേഖകൾ ലോക്കൽ ഫണ്ട് ഓഡിറ്റിന് സമർപ്പിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് നിർദ്ദേശിച്ചു.

<u>സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം</u>

3.4.10 1998-99 വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഔഷധസസ്യകൃഷി എന്ന പ്രോജക്ടിന്റെ നിർവ്വഹണോദ്യോഗസ്ഥനായ മാനന്തവാടി കൃഷി ഡയറക്ടർ ശ്രീ. ജോൺ വിത്സൺ, 31-12-2007-ൽ സർവ്വീസിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ ടിയാന്റെ ബാദ്ധ്യതയായ 1 ലക്ഷം രൂപ ടിയാന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും റിക്കവറി നടത്തുന്നതിന് അക്കൗണ്ടന്റ് ജനറൽ (എ&ഇ)യോട് ഡയറക്ടർ, കൃഷി വകുപ്പ്, തിരുവനന്തപുരം ശിപാർശ ചെയ്തിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.4.11 ബാദ്ധ്യതയായ തുക ഈ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും റിക്കവറി നടത്തുന്നതിന് കൃഷി വകുപ്പ് ഡയറക്ടർ അക്കൗണ്ടന്റ് ജനറൽ (എ&ഇ)ക്ക് ശിപാർശ ചെയ്തതിന്റെ വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല എന്ന വിവരം അറിയിക്കുന്നു.

<u>12-10-2017 തീയതിയിലെ സമിതി യോഗം ആരാഞ്ഞ അധികവിവരം</u>

3.4.12 ബാദ്ധ്യത തുക ശ്രീ. ജോൺ വിത്സണിന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും റിക്കവറി നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാനും അല്ലാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തുന്നതാണെന്നുമുള്ള വിവരം ബന്ധപ്പെട്ട വകുപ്പിനെ അറിയിക്കുവാനും നിർദ്ദേശിച്ചു.

## സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം

3.4.13 1998-99 വർഷം പച്ചക്കറി, ഔഷധസസ്യ കൃഷി വ്യാപനം, കമ്പോസ്റ്റ് നിർമ്മാണം എന്നിവയ്ക്ക് വേണ്ടി പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുന്നതിന് മുൻ കൃഷി ഓഫീസർ ശ്രീ. ജോൺ വിത്സൺ-നെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രോജക്ട് നടത്തിപ്പ് സംബന്ധിച്ച് ഓഡിറ്റ് വിഭാഗം തടസ്സപ്പെടുത്തിയ ഒരു ലക്ഷം രൂപ റിക്കവറി നടത്തിയത് സംബന്ധിച്ച് വിശദമായ മറുപടി ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് 28-7-2018, 5-10-2018 എന്നീ തീയതികളിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നെങ്കിലും, ടി വിഷയവുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ സ്ഥിതി അറിയുന്നതിനായി കൃഷി ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്.

## അധികവിവരത്തിന്മേലുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.4.14 മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ 12-10-2018-ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ടി ബാദ്ധ്യത ശ്രീ. ജോൺ വിത്സണിന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും ഈടാക്കിയത് സംബന്ധിച്ച യാതൊരു രേഖയും മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല.

സമിതി ശിപാർശ, 12-10-2017-ലെ സമിതി യോഗത്തിന്റെ തുടർനിർദ്ദേശം എന്നിവ പാലിച്ചതായി കാണുന്നില്ല.

## 17-10-2018 തീയതിയിലെ തെളിവെടുപ്പ് യോഗം

3.4.15 ഔഷധസസ്യ കൃഷി പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ടുണ്ടായ ബാദ്ധ്യത തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് 22-2-2016-ൽ പ്രോജക്ട് നിർവ്വഹണോദ്യോഗസ്ഥനായ മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജോൺ വിത്സണിന്റെ പേരിൽ ഉണ്ടായിരുന്ന ബാദ്ധ്യത തുകയായ ഒരു ലക്ഷം രൂപ ആർ.ആർ. നടപടിയിലൂടെ ഈടാക്കിയിട്ടുണ്ടെന്ന് കൃഷിവകുപ്പ്, സീനിയർ ഫിനാൻസ് ഓഫീസർ മറുപടി നൽകി. തുക ഈടാക്കിയിട്ടുണ്ടെന്ന മറുപടി ഇതുവരെ സർക്കാരിൽ ലഭ്യമാക്കിയിട്ടില്ലെന്നും, കൃഷിവകുപ്പിൽ നിന്നുള്ള മറുപടി സമയബന്ധിതമായി ലഭിക്കാത്തതിനാലാണ് ഈ വിഷയം ഇത്രയും നീണ്ടുപോയതെന്നും തദ്ദേശസ്വയംഭരണ വകുപ്പ്, സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ & അഡീഷണൽ സെക്രട്ടറി അറിയിച്ചു. പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. ജോൺ വിത്സണിന്റെ പേരിലുള്ള ബാദ്ധ്യത തുക ഈടാക്കിയത് സംബന്ധിച്ച വിശദവിവരം സർക്കാരിനും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനും ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടു.

## സമിതി ആരാഞ്ഞ അധിക വിവരം

3.4.16 പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥനായിരുന്ന ശ്രീ. ജോൺ വിത്സണിന്റെ പേരിലുള്ള ബാദ്ധ്യത തുക ഈടാക്കിയത് സംബന്ധിച്ച വിശദവിവരം സർക്കാരിനും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിനും ലഭ്യമാക്കുന്നതിന് നിർദ്ദേശിച്ചു.

## സർക്കാരിൽ നിന്ന് ലഭിച്ച അധികവിവരം

### തദ്ദേശസ്വയംഭരണ വകുപ്പ്

3.4.17 1998-99 വർഷത്തെ പദ്ധതി പ്രകാരം നടപ്പിലാക്കിയ ഔഷധസസ്യ കൃഷി എന്ന പ്രോജക്റ്റ് അംഗീകൃത പദ്ധതിയിൽ നിന്നും വഴിമാറി ചെലവ് ചെയ്തുവെന്ന ഓഡിറ്റ് കണ്ടെത്തിയ 10,00,000 രൂപയിൽ ഇംപ്ലിമെന്റിങ് ഓഫീസർ ആയ ശ്രീ. ജോൺ വിത്സൺ മറുപടി നൽകാതിരുന്ന സാഹചര്യത്തിൽ ടിയാന്റെ പേരിൽ 7,15,859 രൂപ ബാദ്ധ്യതയായി തിട്ടപ്പെടുത്തിയിരുന്നു. ശ്രീ. ജോൺ വിത്സൺ 31-12-2007-ന് സർവ്വീസിൽ നിന്ന് വിരമിച്ചതിനാൽ ടിയാൾക്ക് 7,15,859 രൂപയുടെ ബാദ്ധ്യതയിൽ ഡി.സി.ആർ.ജി. തുകയായ 3,11,850 രൂപ അഡ്ജസ്റ്റ് ചെയ്ത് ബാക്കി തുകയായ 4,04,009 രൂപ ആർ. ആർ. മുഖേന ഈടാക്കുന്നതിന് കൊല്ലം ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആയതിന്റെ നിലവിലെ സ്ഥിതി അറിയുന്നതിനായി 28-7-2018-ന് മാനന്തവാടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് കത്തയച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### കാർഷിക വികസന കർഷകക്ഷേമ വകുപ്പ്

3.4.18 31-12-2007-ൽ സേവനത്തിൽ നിന്നും വിരമിച്ച കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. ജോൺ വിത്സണിന്റെ പേരിൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും റിപ്പോർട്ട് ചെയ്ത 1,00,000 രൂപയുടെ ബാദ്ധ്യത ഉൾപ്പെടെ ആകെ 7,15,859 രൂപയുടെ അന്തിമ ബാദ്ധ്യതാപത്രം 7-5-2011-ൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും പുനലൂർ സബ് ട്രഷറി ആഫീസർക്ക് നൽകിയിട്ടുണ്ട്. ടിയാന്റെ ഡി.സി.ആർ.ജി. തുകയായ 3,11,850 രൂപ ബാദ്ധ്യതയിൽ കുറവുചെയ്തശേഷം ശേഷിച്ച ബാദ്ധ്യതാ തുകയായ 4,04,009 രൂപ ടിയാൻ സർക്കാരിലേയ്ക്ക് ഒടുക്കിയിട്ടുണ്ട്. തുക കൊല്ലം ജില്ലാ ട്രഷറിയിൽ അടച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ചലാൻ നമ്പർ | തീയതി | തുക |
|---|---|---|
| 1 | 2 | 3 |
| 133 | 23-6-2014 | 1,77,867 |
| 100 | 23-8-2014 | 28,280 |
| 465 | 4-10-2014 | 28,377 |
| 60 | 12-12-2014 | 28,377 |

| 1 | 2 | 3 |
|---|---|---|
| 383 | 12-2-2015 | 28,377 |
| 573 | 30-3-2015 | 28,377 |
| 97 | 9-7-2015 | 28,377 |
| 18 | 18-11-2015 | 28,377 |
| 176 | 22-2-2016 | 28,386 |
| | **ആകെ** | **4,04,795** |

<u>അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.4.19 മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ 5-1-2019-ന് നേരിട്ട് പരിശോധന നടത്തിയതിൽ, ബാദ്ധ്യത തുക ശ്രീ. ജോൺ വിത്സൺ-ന്റെ പെൻഷൻ ആനുകൂല്യങ്ങളിൽ നിന്നും റിക്കവറി നടത്തിയത് സംബന്ധിച്ച യാതൊരു രേഖകളും മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായിരുന്നില്ല.

എന്നാൽ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2006-2008)യുടെ 14-ാമത് റിപ്പോർട്ടിലെ ഖണ്ഡിക 23-ൽ സൂചിപ്പിച്ച, ഔഷധസസ്യ കൃഷി വ്യാപനം കമ്പോസ്റ്റ് നിർമ്മാണം എന്ന പ്രോജക്ടിൽ നഷ്ടം വന്ന 1,00,000 രൂപയും പലിശയും റവന്യൂ റിക്കവറി മുഖാന്തരം കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്ക്, വിളക്കുടി വില്ലേജിൽ 20-3-2014-ന് (ബുക്ക് നമ്പർ-13129, രസീത് നമ്പർ-1312864, തുക 1,27,756) ഒടുക്കിയിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിക്കുകയും രശീതിന്റെ പകർപ്പ് ഹാജരാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ അസ്സൽ രശീതി പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. കൂടാതെ ഈടാക്കിയ തുക നാളിതുവരെയും ബ്ലോക്ക് പഞ്ചായത്ത് അക്കൗണ്ടിൽ വരവ് വന്നിട്ടില്ല.

<u>ഖണ്ഡിക നമ്പർ 29</u>

**ശിപാർശ**

3.5.1 ബ്ലോക്ക് പഞ്ചായത്തുകൾ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമ്പോൾ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും പദ്ധതി രൂപരേഖയും വിശദമായി പ്രതിപാദിച്ചിരിക്കേണ്ടതാണ്. ഒരു പദ്ധതി പൂർത്തീകരിച്ചുകഴിഞ്ഞാൽ അതുമായി ബന്ധപ്പെട്ട ഫയലും മറ്റനുബന്ധരേഖകളും കൃത്യമായി സൂക്ഷിക്കേണ്ടതും അവ ഓഡിറ്റിന് കൃത്യമായി ഹാജരാക്കി ഓഡിറ്റ്

പരാമർശങ്ങൾ ഒഴിവാക്കാൻ നടപടി സ്വീകരിക്കേണ്ടതും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാരുടെ ചുമതലയാണ്. ഓഡിറ്റിന്റെ പരിശോധനാവേളയിൽ ഉന്നയിക്കപ്പെടുന്ന സംശയങ്ങൾക്ക് രേഖകൾ സഹിതം കൃത്യമായ മറുപടി നൽകിയാൽ ഒഴിവാക്കപ്പെടാവുന്നതാണ് മിക്ക ഓഡിറ്റ് പരാമർശങ്ങളും. ക്രമമായും ചിട്ടയായുമുള്ള പ്രവർത്തനശൈലി പിന്തുടരുന്നതിൽ ബന്ധപ്പെട്ട സെക്രട്ടറിമാരുടെ ഭാഗത്തുനിന്നുണ്ടാകുന്ന അലംഭാവമാണ് മിക്ക ഓഡിറ്റ് പരാമർശങ്ങൾക്കും കാരണമാകുന്നതെന്നും സമിതി അഭിപ്രായപ്പെടുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.5.2 ക്രമമായും ചിട്ടയായുമുള്ള പ്രവർത്തനങ്ങളിലൂടെ ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാനുള്ള നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ചിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

അത്തിയംകോട് ജലസേചന കിണർ, എടത്തിൽ അടിയ കോളനി ജലസേചന കിണർ എന്നീ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 25% അധികരിച്ച തുക നൽകിയ പഞ്ചായത്തിന്റെ നടപടി സ.ഉ.(സാധാ) നമ്പർ 3203/08/ത.സ്വ.ഭ.വ. തീയതി 27-8-2008 പ്രകാരം സാധൂകരിച്ച് സർക്കാർ ഉത്തരവായിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.5.3 ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി സർക്കാർ ഉത്തരവ് (സാധാ) 3203/08/ത.സ്വ.ഭ.വ. തീയതി 27-8-2008 പ്രകാരം സാധൂകരിച്ചിട്ടുള്ളതിനാൽ പരാമർശം ബഹു. സമിതിയുടെ അഭിപ്രായത്തിന് വിധേയമായി ഒഴിവാക്കാവുന്നതാണെന്ന് ഓഡിറ്റ് ശിപാർശ ചെയ്യുന്നു.

<u>ഖണ്ഡിക നമ്പർ 30</u>

**ശിപാർശ**

3.6.1 കൃത്യമായ രേഖകൾ ഓഡിറ്റിന് യഥാസമയം ഹാജരാക്കാതെ ഓഡിറ്റ് പരാമർശങ്ങൾക്ക് ഇടവരുത്തുന്ന സെക്രട്ടറിമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. കൂടാതെ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും ലഭിച്ച പരിശോധനാ റിപ്പോർട്ട്</u>

3.6.2 അധിക നിരക്ക് നൽകിയതിന് സർക്കാരിൽ നിന്നും സാധൂകരണം ലഭ്യമായിട്ടില്ല. ആയതിനാൽ പരാമർശം നിലനിൽക്കുന്നു.

7-5-2008 തീയതിയിലെ സമിതി യോഗം ആരാഞ്ഞ അധികവിവരം

3.6.3 പ്രസ്തുത ശിപാർശയിന്മേൽ ബന്ധപ്പെട്ട വകുപ്പിൽ നിന്നും അന്തിമ നടപടിക്കുറിപ്പ് ആവശ്യപ്പെടാൻ സമിതി തീരുമാനിച്ചു.

സർക്കാരിൽ നിന്നും ലഭിച്ച അധികവിവരം

3.6.4 ഓഡിറ്റിന് യഥാസമയം രേഖകൾ ഹാജരാക്കാതെ ഓഡിറ്റ് പരാമർശങ്ങൾക്ക് ഇടവരുത്തുന്ന സെക്രട്ടറിമാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്. പി.ഡബ്ല്യൂ.ഡി. നിരക്കുകൾ പുതുക്കി നിശ്ചയിക്കാത്തതിനാൽ ലോക്കൽ നിരക്കിൽ നൽകുന്നതിന്, കുടിവെള്ള കിണറുകൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 10%വും, ജലസേചനത്തിന് 25% വും അധികരിച്ച നിരക്കിൽ തുക നൽകാമെന്ന 23-1-1998-ലെ 218/98/എൽ.എ.ഡി. നമ്പർ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ കുടിവെള്ള കിണറുകൾക്ക് 10%വും ജലസേചന പ്രോജക്ടുകൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കൾ 25%വും അധികരിച്ച നിരക്കിൽ തുക നൽകാൻ ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി തീരുമാനമെടുത്തതിന്റെ അടിസ്ഥാനത്തിലാണ് മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 1998-99 വാർഷിക പദ്ധതിയിൽ അത്തിയംകോട് ജലസേചന കിണർ നിർമ്മാണം, എടത്തിൽ അടിയകോളനി ജലസേചന പദ്ധതി എന്നീ പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് നിരക്കിനേക്കാൾ അധികരിച്ച തുക നൽകിയത്. സർക്കാർ ഉത്തരവ് പ്രകാരം എസ്റ്റിമേറ്റ് നിരക്കിനേക്കാൾ 25% അധികരിച്ച നിരക്ക് നൽകിയ പഞ്ചായത്തിന്റെ നടപടി സാധൂകരിച്ച് സ.ഉ.(സാധാ) നമ്പർ 3203/08/ത.സ്വ.ഭ.വ. തീയതി 27-8-2008 ഉത്തരവായിട്ടുണ്ട്.

അധികവിവരത്തിന്മേൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.6.5 ബഹു. സമിതിയുടെ ശിപാർശയനുസരിച്ച് കൃത്യമായ രേഖകൾ ഓഡിറ്റിന് യഥാസമയം ഹാജരാക്കാതെ ഓഡിറ്റ് പരാമർശങ്ങൾക്ക് ഇടവരുത്തുന്ന സെക്രട്ടറിമാർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടികൾ സ്വീകരിച്ചതിന്റെ യാതൊരുവിധ രേഖകളും ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല. മരാമത്ത് പണികൾക്ക് അധിക നിരക്ക് നൽകിയതിനാൽ ബ്ലോക്ക് പഞ്ചായത്തിന് നഷ്ടം 20,848 രൂപ എന്ന പരാമർശത്തിന്, ജലസേചന കിണറിനുള്ള 25% വർദ്ധനവ് അനുവദിച്ച ബ്ലോക്ക് പഞ്ചായത്തിന്റെ നടപടി സ.ഉ.(സാധാ) നമ്പർ 3203/08/ത.സ്വ.ഭ.വ. തീയതി 27-8-2008 പ്രകാരം സാധൂകരിച്ചിട്ടുണ്ട്. ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.

ഖണ്ഡിക നമ്പർ 35

**ശിപാർശ**

3.7.1 മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിനെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളിൽ ഒന്നിനുപോലും കൃത്യമായ മറുപടി നൽകുവാനോ രേഖകൾ ഹാജരാക്കുവാനോ തയ്യാറായിട്ടില്ലായെന്നതിൽ നിന്നും ബ്ലോക്ക് പഞ്ചായത്തധികൃതർ കുറ്റക്കാരായ ഉദ്യോഗസ്ഥരെ സഹായിക്കുന്ന നിലപാടാണ് സ്വീകരിക്കുന്നതെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ മാനന്തവാടി ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് ഓഡിറ്റ് പരാമർശങ്ങളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. പ്രസ്തുത നടപടി വൈകിയാൽ ആയതിനുത്തരവാദികളാകുന്ന ഗ്രാമവികസന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെയും നടപടി സ്വീകരിക്കണമെന്നും ഇത് സംബന്ധിച്ച് കൈക്കൊണ്ട നടപടി റിപ്പോർട്ട് ഒരു മാസത്തിനുള്ളിൽ സമിതിക്ക് ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.7.2 പട്ടികവർഗ്ഗ കോളനികളിൽ ടെലിവിഷൻ സ്ഥാപിച്ചതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന്മേൽ വിശദീകരണം ആവശ്യപ്പെട്ടും നിരന്തരം കത്തുകൾ എഴുതിയതിന്മേൽ മാനന്തവാടി ടി.ഇ.ഒ. സമർപ്പിച്ച മറുപടി റിപ്പോർട്ട് ഇതുസഹിതം സമർപ്പിച്ചുകൊള്ളുന്നു. ഈ പദ്ധതി നിർവ്വഹണ സമയത്ത് മുഴുവൻ കോളനികളിലും ടെലിവിഷനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിരുന്നതായി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കിയ മുൻ മാനന്തവാടി ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ശ്രീ. പി. കെ. വേണു മരണപ്പെട്ടുപോയതായി അറിയിച്ചിരിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.7.3 ബഹു. സമിതിയുടെ ശിപാർശയനുസരിച്ച് ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ യാതൊരുവിധ വകുപ്പുതല നടപടികളും സ്വീകരിച്ചതായി ബ്ലോക്ക് പഞ്ചായത്തിന്റെ രേഖകളില്ല. തെരഞ്ഞെടുക്കപ്പെട്ട കോളനികളിലെല്ലാം ടി.വി. സ്ഥാപിച്ചിരുന്നതായും ഇവ ഏകദേശം 3 വർഷക്കാലം പ്രവർത്തനസജ്ജമായിരുന്നെന്നും ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ അറിയിച്ചിട്ടുണ്ട്. എന്നാൽ ഈ റിപ്പോർട്ട് സംബന്ധിച്ച് യാതൊരുവിധ തുടർ നടപടികളും ബ്ലോക്ക് പഞ്ചായത്ത് സ്വീകരിച്ചതായി രേഖകളില്ല.

ഖണ്ഡിക നമ്പർ 36

**ശിപാർശ**

3.8.1 ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളും അതിന്മേലുള്ള തുടർ നടപടികളും പരിശോധിക്കുന്നതിനും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ജില്ലാതലത്തിലും സംസ്ഥാന തലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ വകുപ്പ് അധികൃതർക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും ഇതു സംബന്ധിച്ച് പീരിയോഡിക്കലായി റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.8.2 ബ്ലോക്ക് പഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളും അതിന്മേലുള്ള തുടർനടപടികളും പരിശോധിക്കുന്നതിനും വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും നിരീക്ഷണ സമിതികൾ രൂപീകരിക്കണമെന്നും ഈ സമിതികൾ വകുപ്പ് അധികൃതർക്കും ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനും ഇതു സംബന്ധിച്ച് പീരിയോഡിക്കലായി റിപ്പോർട്ടുകൾ ലഭ്യമാക്കണമെന്നുമുള്ള സമിതി നിർദ്ദേശത്തിന് 4-8-2007-ലെ G.O.(Rt) No. 2121/07/LSGD നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.8.3 ബഹു. സമിതിയുടെ നിർദ്ദേശ പ്രകാരം നിരീക്ഷണ സമിതികൾ രൂപീകരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് നമ്പർ 2121/07/LSGD തീയതി 4-8-2007 പുറപ്പെടുവിച്ചിട്ടുണ്ട്.

ഖണ്ഡിക നമ്പർ 37

**ശിപാർശ**

3.9.1 പദ്ധതി സംബന്ധിച്ച ഫയലുകൾ രണ്ടാഴ്ചക്കുള്ളിൽ സമിതിക്ക് ലഭ്യമാക്കാമെന്ന് 5-10-2004-ലെ സമിതിയോഗത്തിൽ മാനന്തവാടി ടി.ഇ.ഒ.-സീനിയർ സൂപ്രണ്ട് സമിതിക്ക് ഉറപ്പു നൽകിയെങ്കിലും നാളിതുവരെയും പ്രസ്തുത ഫയലുകൾ ലഭ്യമാക്കുകയോ ഇതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ സമിതിക്ക് നൽകിയ ഉറപ്പു പാലിക്കാത്ത പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ഭരണ വകുപ്പ് കർശന നടപടി സ്വീകരിക്കണമെന്ന് സമിതി ആവശ്യപ്പെടുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.9.2 മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ 1998-99 വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 1,75,000 രൂപ വകയിരുത്തി നടപ്പിലാക്കിയ 'പട്ടികവർഗ്ഗ

കോളനികളിൽ ടെലിവിഷൻ സ്ഥാപിക്കൽ' എന്ന പ്രോജക്ടിന്റെ നിർവ്വഹണ ഉദ്യോഗസ്ഥൻ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറായിരുന്നു. ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലെ സീനിയർ സൂപ്രണ്ടിനെതിരെ സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് സെക്രട്ടറി കത്ത് അയച്ചിട്ടുണ്ടെന്ന വിവരം റിപ്പോർട്ട് ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.9.3 21-6-2012, 4-12-2014 എന്നീ തിയതികളിൽ ഇ-1205/07 നമ്പരായി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർക്ക് കത്തയച്ചിട്ടുണ്ടെങ്കിലും ഇതുവരെ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല എന്ന് അറിയിക്കുന്നു.

<u>12-10-2017 സമിതിയോഗം ആരാഞ്ഞ അധികവിവരം</u>

3.9.4 ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിലെ സീനിയർ സൂപ്രണ്ടിനെതിരെ സ്വീകരിച്ച നടപടികളുടെ റിപ്പോർട്ട് ഒരു മാസത്തിനകം കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാനും നൽകാത്തപക്ഷം ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽനിന്ന് തെളിവെടുപ്പ് നടത്തുവാനും സമിതി നിർദ്ദേശിച്ചു.

<u>സർക്കാരിൽനിന്നും ലഭിച്ച അധികവിവരം</u>

3.9.5 സീനിയർ സൂപ്രണ്ടിനെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വ്യക്തമായ മറുപടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസറുടെ പക്കൽനിന്നും ഇതുവരെയും ലഭ്യമായിട്ടില്ലെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>അധികവിവരത്തിന്മേലുള്ള കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.9.6 12-10-2018-ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ സീനിയർ സൂപ്രണ്ടിനെതിരെ സമിതി ശിപാർശപ്രകാരമുള്ള അച്ചടക്ക നടപടി സ്വീകരിച്ചതിന്റെ യാതൊരു വിവരങ്ങളും ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ലെന്ന് ബോധ്യപ്പെട്ടു.

<u>17-10-2018-ലെ തെളിവെടുപ്പ് യോഗം</u>

3.9.7 1,75,000 രൂപ വകയിരുത്തി പട്ടികവർഗ്ഗ കോളനികളിൽ ടെലിവിഷൻ സ്ഥാപിക്കൽ എന്ന പദ്ധതി നടപ്പിലാക്കിയതാരാണെന്ന് സമിതി ആരാഞ്ഞതിന്, നിർവ്വഹണ ഉദ്യോഗസ്ഥനായ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ മരണപ്പെട്ടെന്നും അദ്ദേഹത്തിന്റെ മരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്നും മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിന്റെ പ്രോജക്ട് സംബന്ധിച്ച ഫയലുകൾ രണ്ടാഴ്ചയ്ക്കുള്ളിൽ ലഭ്യമാക്കാമെന്ന് സമിതി മുമ്പാകെ ഉറപ്പുനൽകിയ ഉദ്യോഗസ്ഥന്റെ പേരും വിവരവും അറിയിക്കാൻ

ആവശ്യപ്പെടുകയും ചെയ്തുവെന്നും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ സീനിയർ സൂപ്രണ്ട് എന്ന തസ്തികയില്ലെന്നവിവരം മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ടെന്നും കൂടാതെ പദ്ധതിയുമായി ബന്ധപ്പെട്ട ഫയലുകളൊന്നും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസിൽ ലഭ്യമല്ലെന്നും തെളിവെടുപ്പ് യോഗത്തിൽ ഹാജരായ മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു.

3.9.8 ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നത് സീനിയർ സൂപ്രണ്ട് എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നും അദ്ദേഹം മരണപ്പെട്ടുവെന്ന് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്ക് അറിയാവുന്നതാണെന്നും വിലയിരുത്തിയ സമിതി സമിതിയെ തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിൽ ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ സംസാരിച്ചതിന് അതൃപ്തി രേഖപ്പെടുത്തി.

3.9.9 ജനകീയാസൂത്രണ പദ്ധതിയുടെ പ്രാരംഭകാലത്ത് നടപ്പാക്കിയ ഈ പ്രോജക്ടിനെ സംബന്ധിച്ച് തീരുമാനമെടുക്കേണ്ടത് മാനന്തവാടി ബ്ലോക്ക് പഞ്ചായത്താണെന്നും ഇതുമായി ബന്ധപ്പെട്ട രേഖകൾ ബ്ലോക്ക് പഞ്ചായത്തിലുണ്ടാകുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ്, അഡീഷണൽ സെക്രട്ടറി & സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ മറുപടി നൽകി. ബ്ലോക്ക് പഞ്ചായത്തിൽ രേഖയുടെ ഫോട്ടോകോപ്പിയുണ്ടെന്നും ആയത് ഓഡിറ്റ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുണ്ടെന്നും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥൻ മറുപടി നല്കി.

3.9.10 ഓഡിറ്റ് പരാമർശിച്ചിരിക്കുന്നതുപോലെ തുക ചെലവഴിച്ച് ടെലിവിഷൻ വാങ്ങിയിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് വാങ്ങിയ രീതി സംബന്ധിച്ചാണ് ഓഡിറ്റ് പരാമർശിച്ചിരിക്കുന്നതെന്നും മാർച്ച് അവസാനത്തോടുകൂടിയാണ് ഈ പ്രോജക്ട് നടപ്പാക്കാനാരംഭിച്ചതെന്നും അതുകൊണ്ട് ടെണ്ടർ നടപടികളിലേയ്ക്ക് കടക്കാനോ ക്വട്ടേഷൻ ക്ഷണിക്കാനോയുള്ള സമയം ലഭിക്കാത്തതിനാൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽനിന്നും വാങ്ങുകയാണുണ്ടായതെന്നും മാനന്തവാടി ബ്ലോക്ക് പഞ്ചായത്ത് ഉദ്യോഗസ്ഥൻ മറുപടി നൽകി. നിർവ്വഹണ ഉദ്യോഗസ്ഥൻ മരണപ്പെട്ടുപോയ സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

<u>സർക്കാരിൽ നിന്നും ലഭിച്ച മറുപടി</u>

3.9.11 ഈ പദ്ധതി നിർവ്വഹണസമയത്ത് മുഴുവൻ കോളനികളിലും ടെലിവിഷനും അനുബന്ധ ഉപകരണങ്ങളും സ്ഥാപിച്ച് പദ്ധതി വിഭാവനം ചെയ്ത ഉദ്ദേശലക്ഷ്യങ്ങൾ സഫലീകരിക്കപ്പെട്ടിട്ടുള്ളതാണ്. ടെണ്ടർ വിളിക്കുന്നതിന് തുക വകയിരുത്താത്തതിനാലും, പ്രോജക്ട് ക്വട്ടേഷൻ വിളിക്കാൻ കഴിയാത്തതിനാലുമാണ് സഹകരണ സ്റ്റോറിൽനിന്ന് സാധനങ്ങൾ വാങ്ങിയതെന്ന് ഫയലിൽ വ്യക്തമാക്കിയിട്ടുണ്ട്. നിർവ്വഹണ ഉദ്യോഗസ്ഥനായ മുൻ ടി. ഇ. ഒ. ശ്രീ. പി. കെ. വേണു ഇപ്പോൾ ജീവിച്ചിരിപ്പില്ല.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.9.12 മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ 7-2-2019-ന് നേരിട്ട് പരിശോധന നടത്തിയതിൽ, സീനിയർ സൂപ്രണ്ടിനെതിരെ നടപടികൾ സ്വീകരിച്ചതിന്റെ യാതൊരു വിവരങ്ങളും മാനന്തവാടി ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമായിരുന്നില്ല. മുൻ ടി.ഇ.ഒ. ശ്രീ. പി.കെ. വേണു ആയിരുന്നു പദ്ധതിയുടെ നിർവ്വഹണോദ്യോഗസ്ഥൻ എന്നും ഇദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പില്ല എന്നും അറിയിച്ചിട്ടുണ്ട്. ടെലിവിഷൻ ലഭിച്ചു എന്നും പ്രവർത്തനക്ഷമമാണ് എന്നും ഊരുമൂപ്പൻമാർ നൽകിയ കത്ത് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 46

**ശിപാർശ**

3.10.1 ചുള്ളിയോട് കഴമ്പിൽകര കാട്ടിമൂല റോഡ് പണി തൃപ്തികരമായി പൂർത്തീകരിച്ചെങ്കിലും പാർശ്വഭിത്തി പല സ്ഥലത്തും ഇളകി കിടക്കുന്നതിനാൽ റോഡിന്റെ പാർശ്വഭിത്തി നിർമ്മിച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ അടിയന്തരമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.10.2 ടി പ്രവൃത്തി 2010-11 പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുകയും സമിതി നിർദ്ദേശിച്ച പ്രകാരം റോഡിന്റെ പാർശ്വഭിത്തി പുതുക്കി പണിത് ഗതാഗത യോഗ്യമാക്കുകയും ചെയ്തിട്ടുണ്ടെന്ന വിവരം ബോധിപ്പിച്ചുകൊള്ളുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.10.3 റോഡിന്റെ പാർശ്വഭിത്തി നിർമ്മിച്ച് ഗതാഗതയോഗ്യമാക്കുന്നതിനായി 2010-11 പദ്ധതിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ചിട്ടുണ്ടെന്ന് നടപടി വിശദീകരണ പത്രികയിൽ അറിയിച്ചിട്ടുണ്ടെങ്കിലും ചിള്ളിയോട്-കഴമ്പിൻകര-കോളിമൂല റോഡ് പുനരുദ്ധാരണം സംബന്ധിച്ച ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. സമിതിയ്ക്ക് സമർപ്പിച്ച മറുപടിയിൽ 2010-11-ൽ ടി പ്രവൃത്തിയ്ക്കുവേണ്ടി നടപ്പിലാക്കിയ പ്രോജക്ട് വിവരം, ഫണ്ട്, എസ്റ്റിമേറ്റ്, ചെലവ് എന്നീ വിവരങ്ങൾ ഉൾപ്പെടുത്താത്തതിനാലും ഫയലുകൾ കണ്ടെത്തുന്നതിനും കഴിഞ്ഞിട്ടില്ലായെന്ന് പരിശോധനാവേളയിൽ ബ്ലോക്ക് പഞ്ചായത്ത് അറിയിച്ചു.

ഖണ്ഡിക നമ്പർ 47

**ശിപാർശ**

3.11.1 ചിങ്ങവല്ലം മിനിവാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തി നിർമ്മിച്ച കിണറിൽ സമീപസ്ഥ കുടുംബങ്ങൾക്ക് കുടിവെള്ളം നൽകുവാനായി സ്ഥാപിച്ച പൈപ്പ്ലൈൻ

ആവശ്യമായ മുൻകരുതലുകൾ സ്വീകരിക്കാതെ സ്ഥാപിച്ചതിനാൽ പൊട്ടിപ്പോയെന്നും ഇപ്പോൾ പ്രസ്തുത കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ലായെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ കുന്നിൻമുകളിലുള്ള ടാങ്കിൽനിന്നും താഴോട്ടുള്ള വ്യത്യസ്ത കണക്ഷനുകളിലേക്ക് ജലത്തിന്റെ സമ്മർദ്ദം താങ്ങത്തക്ക രീതിയിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് കുടിവെള്ളം എത്തിക്കുവാൻ നടപടി സ്വീകരിക്കണമെന്നും ഇതിലേക്കായി വാട്ടർ അതോറിറ്റിയുടെ വൈദഗ്ദ്ധ്യവും സേവനവും പ്രയോജനപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു. ശരിയായ ആസൂത്രണമില്ലാതെ ചെയ്തതിനാലാണ് പദ്ധതി തകരാറിലായതെന്നും ആയതിനാൽ ഇത്തരം പദ്ധതികൾ സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെയും പദ്ധതിയെക്കുറിച്ച് പൂർണ്ണമായി ആസൂത്രണം നടത്തിയും മാത്രമേ നടപ്പാക്കാവൂ എന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.11.2 2010-11 വർഷത്തിൽ 6 ലക്ഷം രൂപ അടങ്കലിൽ ഒരു പദ്ധതി പട്ടികവർഗ്ഗ ഘടകത്തിൽ വകയിരുത്തി ഈ കുടിവെള്ള പദ്ധതിയുടെ കുടിവെള്ള വിതരണത്തിനായി തയ്യാറാക്കിയിരുന്നു. എന്നാൽ ടി വിഭാഗത്തിൽ മതിയായ എണ്ണം ഗുണഭോക്താക്കൾ ലഭ്യമല്ലാത്തതിനാൽ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് കിട്ടാതെ വരികയും പദ്ധതി വിഭാവനംചെയ്ത രീതിയിൽ പൂർത്തീകരിക്കാൻ പ്രസ്തുത വർഷം സാധിച്ചിരുന്നുമില്ല. നടപ്പു വർഷം പൊതു വിഭാഗത്തിൽ ഉൾപ്പെടുത്തി ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഈ സാമ്പത്തിക വർഷത്തിനുള്ളിൽ തന്നെ സമിതിയുടെ ശിപാർശ പ്രകാരം വാട്ടർ അതോറിറ്റിയുടെ വൈദഗ്ദ്ധ്യവും സേവനവും പ്രയോജനപ്പെടുത്തി ശരിയായ ആസൂത്രണത്തോടെ ഈ കുടിവെള്ള വിതരണ പദ്ധതി പൂർത്തീകരിക്കുന്നതാണെന്നും ബോധിപ്പിച്ചുകൊള്ളുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.11.3 നിലവിൽ പദ്ധതി ഏറ്റെടുത്ത് നടത്തുന്നതിന് യാതൊരു വിധ നടപടിയും സ്വീകരിച്ചതായി പരിശോധനയിൽ കണ്ടില്ല.

<u>ഖണ്ഡിക നമ്പർ 48, 49, 50</u>

**ശിപാർശ**

3.12.1 ചണ്ണോത്തുകൊല്ലി വാട്ടർ സപ്ലൈ പദ്ധതിയിൽ ഗുണഭോക്താക്കളുടെ വീടുകൾ, പദ്ധതിയ്ക്കായി നിർമ്മിച്ച കിണറിൽ നിന്നും അകലെയായതിനാൽ വെള്ളം കോരിയെടുത്ത് കൊണ്ടുപോകുന്നതിന് ബുദ്ധിമുട്ടാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പദ്ധതിയിൽ നിർദ്ദേശിച്ച മറ്റ് പ്രവൃത്തികൾ കൂടി ഉൾപ്പെടുത്തി ഗുണഭോക്താക്കൾ ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനും ഉപയോഗപ്രദമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.12.2 മറ്റു പ്രവൃത്തികൾ തൃപ്തികരമായി പൂർത്തീകരിച്ചതായും സമിതി മനസ്സിലാക്കുന്നു. ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പദ്ധതികൾ ഗുണഭോക്താക്കൾക്ക് വളരെ പ്രയോജനപ്രദവും ചെലവു കുറവുള്ളതും ആയിരിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണമെന്നും പൂർത്തീകരിച്ച പദ്ധതികൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്തി പരിപാലിക്കുവാൻ ജാഗ്രത പുലർത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.12.3 പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.12.4 2006-07 വർഷത്തിൽ ബ്ലോക്ക് പഞ്ചായത്ത് 2,20,000 രൂപ വകയിരുത്തി വാട്ടർ ടാങ്ക്, പമ്പ് ഹൗസ്, പൈപ്പ് ലൈൻ, പൊതുടാപ്പ് എന്നീ പ്രവൃത്തികൾ 30-8-2007-ന് പൂർത്തിയാക്കി പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട് എന്ന വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3.12.5 ബ്ലോക്ക് പഞ്ചായത്തുകൾ ഏറ്റെടുക്കുന്ന പ്രവൃത്തികൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണി നടത്തി പരിപാലിക്കുന്നതിനായി പ്രത്യേക പ്രാധാന്യം നൽകുന്നതാണെന്നും തുടർന്നും ആയത് പരിപാലിക്കുന്നതാണെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3.12.6 പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണെന്ന ബഹു. സമിതിയുടെ ശിപാർശ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർക്ക് 5-2-2008-ന് അയച്ചുകൊടുത്തിട്ടുണ്ടെന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.12.7 ചണ്ണോത്ത് കൊല്ലി വാട്ടർ സപ്ലൈ സ്കീം മറ്റ് അനുബന്ധ പ്രവൃത്തികൾകൂടി നടത്തി 30-8-2007-ന് പൂർത്തിയാക്കി ഗുണഭോക്താക്കൾക്ക് ഉപയോഗപ്രദമാക്കിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ടെങ്കിലും ഈ പ്രവൃത്തിയുടെ ഫയലുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. 5-10-2013-ന് ബ്ലോക്ക് പഞ്ചായത്തിൽ പ്രാദേശിക പരിശോധന നടത്തിയ വേളയിൽ ഫയലുകൾ ലഭ്യമാക്കുന്നതിന് അന്വേഷണക്കുറിപ്പ് നൽകുകയും ഫയലുകൾ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചെങ്കിലും രേഖകൾ യഥാസമയം നൽകാൻ ബ്ലോക്ക് പഞ്ചായത്ത് അധികൃതർക്ക് സാധിച്ചിട്ടില്ലായെന്നറിയിക്കുന്നു.

3.12.8 സമിതി ശിപാർശ പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതാണെന്ന് അറിയിക്കുന്നു.

<u>ഖണ്ഡിക നമ്പർ 58, 59, 60</u>

**ശിപാർശ**

3.13.1 ബ്ലോക്ക് പഞ്ചായത്തുകൾ ഒരു പദ്ധതി നടപ്പാക്കാനായി ആലോചിക്കുമ്പോൾ ആ പദ്ധതികൊണ്ടുണ്ടാകുന്ന നേട്ടങ്ങളേയും കോട്ടങ്ങളേയും കുറിച്ച് ബന്ധപ്പെട്ട

ഉദ്യോഗസ്ഥന്മാർ കൗൺസിലിന് പൂർണ്ണമായ വിവരം നൽകിയിരിക്കണമെന്നും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുവാൻ പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3.13.2 കാർഷിക പദ്ധതികൾ നടപ്പാക്കുമ്പോൾ അതാതു കാർഷിക വിളകളുടെ സീസണിൽ തുടങ്ങാവുന്ന തരത്തിൽ ആസൂത്രണം ചെയ്യേണ്ടതാണെന്നും അങ്ങനെയല്ലാതെ തുടങ്ങുന്ന പദ്ധതികൾകൊണ്ട് ഉദ്ദേശിക്കുന്ന പ്രയോജനം ലഭിക്കില്ലാ എന്നതിന് ഉത്തമ ഉദാഹരണമാണ് ഈ പദ്ധതിയെന്നും സമിതി അഭിപ്രായപ്പെടുന്നു.

3.13.3 കാർഷിക പദ്ധതി നടപ്പാക്കുമ്പോൾ പ്രസ്തുത പദ്ധതിക്കാവശ്യമായ വിത്തിനങ്ങളും തൈകളും പദ്ധതിയുടെ സമീപപ്രദേശത്തുതന്നെയുള്ള സർക്കാർ അംഗീകൃത കാർഷിക ഏജൻസികളിൽനിന്നും ശേഖരിക്കണമെന്നും ഇതുമായി ബന്ധപ്പെട്ട് നിർവ്വഹണോദ്യോഗസ്ഥരായി നിയോഗിക്കുന്ന കൃഷി വകുപ്പ് ഉദ്യോഗസ്ഥരെക്കൂടി ഉൾപ്പെടുത്തി വേണം പദ്ധതി തയ്യാറാക്കേണ്ടതെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.13.4 ലോക്കൽ ഫണ്ട് അക്കൗണ്ടസ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ തുടർന്നിങ്ങോട്ട് നടപ്പിലാക്കുന്നതിനായി നടപടികൾ സ്വീകരിക്കാൻ 23-6-2007-ലെ 278/2007-ാം നമ്പർ ബ്ലോക്ക് പഞ്ചായത്ത് യോഗതീരുമാനപ്രകാരം ബന്ധപ്പെട്ടവർക്ക് ബ്ലോക്ക് പഞ്ചായത്തിലെ 26-6-2007-ലെ 880/04-ാം നമ്പർ കത്ത് പ്രകാരം ഉത്തരവ് നൽകിയിട്ടുണ്ടെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുടർന്നിങ്ങോട്ട് വിശദമായ ചർച്ചകൾക്കുശേഷം മാത്രമേ ഇത്തരത്തിലുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുള്ളൂ എന്ന വസ്തുത ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

3.13.5 കാർഷിക പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഉണ്ടാകുന്ന പോരായ്മകൾ പരിഹരിച്ചുകൊണ്ട് മാത്രമാണ് പിന്നീട് പദ്ധതികൾ നടപ്പിലാക്കിയത് എന്ന് തലശ്ശേരി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെ ഇത്തരം വീഴ്ചകൾ ബ്ലോക്ക് പഞ്ചായത്തിൽ ആവർത്തിച്ചിട്ടില്ലെന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

3.13.6 സമിതിയുടെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കപ്പെടുന്നതിനായി വ്യക്തമായ നിർദ്ദേശങ്ങൾ തലശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ നിർവ്വഹണ ഉദ്യോഗസ്ഥന് നൽകിയിട്ടുണ്ട് എന്ന വിവരം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ബോധിപ്പിച്ചിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.13.7 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ 23-6-2007-ലെ 278/2007-ാം നമ്പർ പ്രകാരം ബ്ലോക്ക് പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ആയത് കൃഷി അസിസ്റ്റന്റ് ഡയറക്ടറെ 26-6-2007-ലെ 880/04 നമ്പർ കത്ത് പ്രകാരം അറിയിച്ചതും പരിശോധനയിൽ ബോധ്യമായിട്ടുണ്ട്.

3.13.8 കാർഷിക പദ്ധതികൾ നടപ്പാക്കുമ്പോൾ ഇത്തരം അപാകതകൾ തുടർന്നുള്ള വർഷങ്ങളിൽ ആവർത്തിച്ചുവരുന്നില്ല എന്ന കാര്യം പരിശോധനയിൽ ബോധ്യമായിട്ടുണ്ട്.

3.13.9 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ നിർദ്ദേശം പാലിക്കുന്നതിന് നിർവ്വഹണ ഉദ്യോഗസ്ഥനായ കൃഷി അസി.ഡയറക്ടർക്ക് നിർദ്ദേശം നൽകിയ കാര്യം പരിശോധനയിൽ ബോധ്യമായിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 71</u>

**ശിപാർശ**

3.14.1 പദ്ധതികൾക്കായി കൺവീനർക്ക് മുൻകൂർ നൽകുമ്പോൾ പാർട്ട് ബില്ലിൽ പ്രസ്തുത മുൻകൂർ കുറച്ചതിനുശേഷം മാത്രമേ ബിൽ പാസ്സാക്കാവൂ എന്നും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്ക് എതിരെ സാമ്പത്തിക ക്രമക്കേടുകൾ നടത്തിയതിന് ശിക്ഷാ നടപടികൾ സ്വീകരിക്കേണ്ടതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

3.14.2 ലോക്കൽ ഫണ്ട് ഓഡിറ്റ് പരാമർശ പ്രകാരം ബ്ലോക്ക് പഞ്ചായത്തിന് 2,50,000 രൂപയുടെ നഷ്ടമുണ്ടായി എന്നും ആയത് പലിശയുൾപ്പെടെ ഉത്തരവാദികളിൽനിന്നും ഈടാക്കണം എന്ന നിർദ്ദേശപ്രകാരം ഗുണഭോക്തൃ കമ്മിറ്റി കൺവീനർ ശ്രീ.പി. സഹദേവനിൽനിന്നും തുക ഈടാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ചിരുന്നു. എന്നാൽ അന്തിമ ബിൽതുക അനുവദിച്ച് തരണമെന്ന് ആവശ്യപ്പെട്ട് കൺവീനർ കൂത്തുപറമ്പ് മുനിസിഫ് കോടതി മുമ്പാകെ ഒ.എസ്.329/14 പ്രകാരം കേസ് ഫയൽ ചെയ്തിരുന്നു. കോടതി വിധി പ്രകാരം ടിയാന് അനുകൂലമായി 1,67,183 രൂപ അനുവദിക്കുന്നതിനായി വിധിയാകുകയും ചെയ്തിട്ടുണ്ട്. വിധി സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു:

| | | |
|---|---|---|
| 1) | കൺവീനർക്ക് അനുവദിക്കേണ്ട തുക | 1,67,183 |
| 2) | കോടതി ചെലവ് (plaintiff cost) | 39,232 |
| 3) | കോടതി ചെലവ് (defendants cost) | 3,605 |
| 4) | പലിശ | 36,262 |
| | ആകെ | 2,46,282 രൂപ |

3.14.3 കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 21-6-2018-ലെ 35/2018-19 നമ്പർ തീരുമാനപ്രകാരം ശ്രീ. കെ. സഹദേവൻ, മൂന്നാംപീടിക വട്ടിപ്രം റോഡ് പ്രവൃത്തിയുടെ കൺവീനർക്ക് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും തുക അനുവദിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതി ഏകകണ്ഠമായി തീരുമാനിച്ചിട്ടുണ്ട്.

തുക അനുവദിച്ചത് സംബന്ധിച്ച വിവരം താഴെ ചേർക്കുന്നു:

1) ഓഡിറ്റ് പരാമർശപ്രകാരമുള്ള 2,50,000 രൂപയുടെ 7/99 മുതൽ 18-3-2011 വരെയുള്ള 18% പലിശ - 78,750

2) ബ്ലോക്ക് പഞ്ചായത്ത് തീരുമാനപ്രകാരം കൺവീനർക്ക് അനുവദിച്ച പലിശ ഒഴിവാക്കുന്നത് - 36,262

3) കൺവീനർക്ക് അനുവദനീയമായ തുക-2,46,282-78,750-36,262=1,31,270/-

ആയത് പ്രകാരം ശ്രീ. പി. സഹദേവൻ, കൺവീനർക്ക് ഓഡിറ്റ് പരാമർശ പ്രകാരമുള്ള 78,750 രൂപ പലിശയിനത്തിൽ ഈടാക്കിയതിന് ശേഷം, കൂത്തുപറമ്പ് ബ്ലോക്ക് ഓഫീസിലെ 30-7-2018-ലെ സി-787/18 നമ്പർ ഉത്തരവ് പ്രകാരം തുക അനുവദിച്ചിട്ടുണ്ട്. ഇതുമൂലം ബ്ലോക്ക് പഞ്ചായത്തിന് സാമ്പത്തിക നഷ്ടമൊന്നും ഉണ്ടായിട്ടില്ല. ടി സാഹചര്യത്തിൽ മേൽ ഖണ്ഡിക ഒഴിവാക്കിത്തരണമെന്ന് അപേക്ഷിക്കുന്നു.

3.14.4 ടി കാലയളവിലുണ്ടായിരുന്ന ശ്രീ. ജോസഫ് മാത്യു, ശ്രീ. പി. കെ. സുദൻ എന്നീ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ വിരമിച്ചതായി ഗ്രാമവികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.14.5 ബഹു. കൂത്തുപറമ്പ് മുൻസിഫ് കോടതി 28-7-2017-ന് പുറപ്പെടുവിച്ച O.S.No.329/14 നമ്പർ വിധിയുടെ അടിസ്ഥാനത്തിൽ കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്ത് 21-6-2018-ലെ 35/18-19 നമ്പർ ഭരണസമിതി തീരുമാനപ്രകാരം 1,31,270 രൂപ കൺവീനർക്ക് അനുവദിച്ചിട്ടുണ്ട്.

<u>ഖണ്ഡിക നമ്പർ 72</u>

**ശിപാർശ**

3.15.1 പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ ഇപ്പോഴത്തെ അവസ്ഥ സംബന്ധിച്ച വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്</u>

3.15.2 കൂത്തുപറമ്പ് ബ്ലോക്ക് പഞ്ചായത്തിന്റെ 1999-2000 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 33-ൽ പരാമർശിച്ച പാർട്ട് ബിൽ തുക അധികം നൽകിയത് സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ വിശദമായി പരിശോധിച്ചതിൽ ഖണ്ഡികയിൽ

പരാമർശിച്ച പ്രവൃത്തിയുടെ അവസാനപ്രവൃത്തി മൂല്യം 49,13,253 രൂപയാണെന്നും ഇതിൽ ടാറിന്റെ വില, നികുതികൾ, ഇലക്ട്രിക് പോസ്റ്റുകൾ മാറ്റാനുള്ള ചെലവ് എന്നിവ ഒഴികെ കൺവീനർക്ക് അനുവദിക്കാവുന്ന തുക 43,14,872 രൂപയാണെന്നും കാണുന്നു. കൺവീനർക്ക് 41,47,689 രൂപയാണ് ആകെ അനുവദിച്ചിട്ടുള്ളത്. എന്നാൽ അന്തിമ ബിൽതുക ഇതുവരെ കൺവീനർക്ക് നൽകിയിട്ടില്ല എന്ന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ പ്രവൃത്തിക്ക് അവസാന പ്രവൃത്തി മൂല്യപ്രകാരം അർഹമായതിൽ അധികമായി തുക നൽകിയിട്ടില്ല എന്ന് റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

ഖണ്ഡിക നമ്പർ 76

**ശിപാർശ**

3.16.1 കൺവീനർക്ക് നൽകിയ തുക അന്തിമബില്ലിൽ ക്രമപ്പെടുത്തിയിട്ടുള്ളതിനാലും, പ്രസ്തുത റോഡുപണി പൂർത്തീകരിച്ചിട്ടുള്ളതിനാലും ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.16.2 ബഹുമാനപ്പെട്ട സമിതിയുടെ നിർദ്ദേശാനുസരണം 7-9-2007-ലെ എൽ.എഫ്.ഡി4/1638/07 പ്രകാരം ഓഡിറ്റ് പരാമർശം ഒഴിവാക്കിയിട്ടുണ്ട്.

ഖണ്ഡിക നമ്പർ 80

**ശിപാർശ**

3.17.1 ഓഡിറ്റ് പരാമർശങ്ങൾക്ക് മറുപടി നൽകുന്നതിൽ ബ്ലോക്ക് പഞ്ചായത്തിലെ ഉദ്യോഗസ്ഥൻമാർ നിരുത്തരവാദപരമായിട്ടാണ് പെരുമാറുന്നത്. ഇത്തരം പ്രവണതകൾ അനുവദിക്കുവാൻ പാടില്ലായെന്നു സമിതി അഭിപ്രായപ്പെടുന്നു. കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്തിൽ പരാമർശ വിധേയമായ കാലയളവിൽ ജോലി ചെയ്തിരുന്ന ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും വിശദീകരണം ആവശ്യപ്പെടണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.17.2 അക്കാലത്ത് ജോലി ചെയ്തിരുന്ന ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. ടി. എ. ഭാസ്കരൻ, ജൂനിയർ സൂപ്രണ്ടായ ശ്രീമതി എം. വി. മേരി എന്നിവർ വർഷങ്ങൾക്ക് മുൻപ് തന്നെ സർവ്വീസിൽ നിന്ന് റിട്ടയർ ചെയ്തവരാണ്. ഇവരിൽ നിന്ന് വിശദീകരണം വാങ്ങുന്നതിന് കത്തുകൾ അയച്ചിരുന്നു. ജൂനിയർ സൂപ്രണ്ടായ ശ്രീമതി എം.വി. മേരി വിശദീകരണം നൽകിയത് ബ്ലോക്ക് പഞ്ചായത്ത് എടുത്ത തീരുമാന പ്രകാരവും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശപ്രകാരവുമാണ് പ്രവൃത്തികൾ സംബന്ധിച്ച ഫയലുകൾ കൈകാര്യം ചെയ്തിരുന്നത് എന്നാണ്.

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ടി. എ. ഭാസ്കരൻ 17-4-2004-ന് ഹരിപ്പാട് ബ്ലോക്കിൽ നിന്നും സ്ഥലം മാറിപ്പോയെന്നും ഇപ്പോൾ ടിയാൻ ജീവിച്ചിരിപ്പില്ല എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.17.3 പരാമർശിത കാലയളവിൽ ജോലി ചെയ്തിരുന്ന ജൂനിയർ സൂപ്രണ്ടായ ശ്രീമതി എം. വി. മേരി നിയമസഭാ സമിതി നിർദ്ദേശപ്രകാരം വിശദീകരണം നൽകിയിട്ടുള്ളതാണ്. ആയത് ബ്ലോക്ക് പഞ്ചായത്ത് അധികൃതർ പരിശോധനയ്ക്ക് ലഭ്യമാക്കുകയുണ്ടായി. മുൻബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ടി. വി. ഭാസ്കരൻ മരണപ്പെട്ടതായി ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നൽകിയ മറുപടിയിൽ സൂചിപ്പിച്ചിട്ടുണ്ട്. സമിതിയുടെ നിർദ്ദേശപ്രകാരം ബ്ലോക്ക് പഞ്ചായത്ത് അധികൃതർ തുടർനടപടികൾ സ്വീകരിച്ചതായി പരിശോധനയിൽ ബോധ്യപ്പെടുകയുണ്ടായി. ആയതിനാൽ ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കാവുന്നതാണ്.

ഖണ്ഡിക നമ്പർ 85

**ശിപാർശ**

3.18.1 വൈദ്യുത ബോർഡ് പോലുള്ള സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഡെപ്പോസിറ്റ് വർക്കുകൾ ചെയ്യുമ്പോൾ പ്രസ്തുത പണികൾ പൂർത്തിയാക്കിയാലുടൻ ബന്ധപ്പെട്ട സെക്രട്ടറി നേരിട്ട് സ്ഥല പരിശോധന നടത്തി പണി തൃപ്തികരമായി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പു വരുത്തണമെന്നും ഇതു സംബന്ധിച്ച് ബന്ധപ്പെട്ട വകുപ്പിൽ നിന്നും പൂർത്തീകരണ സർട്ടിഫിക്കറ്റ് വാങ്ങി സൂക്ഷിക്കണമെന്നും ഓഡിറ്റ് പരിശോധനാവേളയിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിനെ ബോധ്യപ്പെടുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

3.18.2 ഓഡിറ്റ് ഖണ്ഡികകളിൽ പറഞ്ഞ വൈദ്യുതീകരണ പ്രോജക്ടുകളുമായി ബന്ധപ്പെട്ട മുഴുവൻ പ്രവൃത്തികളും ഇലക്ട്രിസിറ്റി ബോർഡ് എഞ്ചിനീയറുമൊത്ത് സെക്രട്ടറി സന്ദർശിച്ച് പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിച്ചതു സംബന്ധിച്ച സ്റ്റേറ്റ്മെന്റ് 16-10-2004-ലെ ഇ.1225/04 കത്ത് പ്രകാരം കാസർഗോഡ് ലോക്കൽ ഫണ്ട് ഡെപ്യൂട്ടി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. മേലിലും നിയമസഭാ സമിതി ശിപാർശ ചെയ്ത പ്രകാരം പ്രവർത്തിക്കുന്നതാണെന്നും കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സൂക്ഷ്മപരിശോധനാക്കുറിപ്പ്

3.18.3 ഖണ്ഡികയിൽ 2 മുതൽ 6 വരെ ക്രമനമ്പറുകളായി സൂചിപ്പിച്ചിട്ടുള്ള ഡെപ്പോസിറ്റ് പ്രവൃത്തികൾ എല്ലാംതന്നെ 1998-1999, 1999-2000 വർഷങ്ങളിൽ പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുള്ളതും ആയത് പരിശോധിച്ചിട്ടുള്ളതും ആണ്. ആയതിനാൽ ടി ഖണ്ഡികയിൽ പരാമർശിച്ചിട്ടുള്ള പരാമർശം ഒഴിവാക്കാവുന്നതാണെന്ന് ശിപാർശ ചെയ്യുന്നു.

കെ. സുരേഷ് കുറുപ്പ്,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 ജനുവരി 13.

## അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/ശുപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/ വകുപ്പ് | നിഗമനങ്ങൾ/തുടർശിപാർശകൾ |
|---|---|---|---|
| 1 | 2.1.5 | കൃഷി തദ്ദേശ സ്വയംഭരണ വകുപ്പ് | പ്രസ്തുത ഖണ്ഡികയിന്മേലുള്ള സമിതി നിർദ്ദേശവും സമിതി നിർദ്ദേശമനുസരിച്ച് പുറപ്പെടുവിച്ച സർക്കുലറിലെ ഉത്തരവും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തണമെന്ന് കൃഷി/തദ്ദേശസ്വയംഭരണ വകുപ്പുകളോട് സമിതി നിർദ്ദേശിക്കുന്നു |
| 2 | 2.2.13 | തദ്ദേശ സ്വയംഭരണ വകുപ്പ് | അണമലക്കുന്ന് കിണർ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട ഫയൽ ഓഡിറ്റ് വകുപ്പിന് ഹാജരാക്കി റിപ്പോർട്ട് ചെയ്യുന്നതിന് സമിതി നിർദ്ദേശിക്കുന്നു |
| 3 | 2.3.5 | " | നിരുത്തരവാദപരമായി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിനും സമിതി ശിപാർശ നടപ്പിലാക്കാത്തത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെടുന്നതിനും സമിതി ശിപാർശ അടിയന്തരമായി നടപ്പിലാക്കി റിപ്പോർട്ട് ചെയ്യുന്നതിനും സമിതി ശിപാർശ ചെയ്യുന്നു |